# ജാമക്കാരൻ
# JAMAKKARAN


VOLUME - 3 Reg NO.TNBIL/2016/70171 ISSUE - 5

MAY- 2019 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=





(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com


ർത്താവിൽ പ്രിയരെ,



നിങ്ങൾക്കേവർക്കും ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്ന യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം. ഈ കഴിഞ്ഞ രണ്ട് മാസങ്ങളായി ഇന്ത്യയൊട്ടാകെ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ബഹളവും തിരക്കുമായിരുന്നല്ലോ!

ഈ വർഷം ജനുവരി മാസം മുതൽ ഏപ്രൽ മാസം വരെ കൃപയാൽ ഒമ്പത് ഡയോസിസുകളിലെ കൺവെൻഷനുകളിൽ പ്രസംഗിച്ചു. ദൈവം യോഗങ്ങളെ അനുഗ്രഹിച്ചു.

കടന്നു ചെന്ന എല്ലാ സ്ഥലങ്ങളിലും യാത്രകളിലും വേണ്ടപ്പെട്ടവരുടെ ചോദ്യം ഇതായിരുന്നു. നിങ്ങളുടെ വോട്ട് ആർക്ക്?

തമിഴ്നാട്ടിലെ യാത്രകളിൽ എന്നോടു ചോദിക്കുന്നവർക്ക് മറുപടി: രണ്ടു കൊള്ളക്കാർ എന്റെ മുമ്പിലുണ്ടായിരുന്നു. അതിൽ ഒരു കൊള്ള സംഘത്തിന് വോട്ടിടേണ്ട നിർബന്ധത്തിലായി എന്നായിരുന്നു. കൊള്ളക്കാർ – എന്നറിഞ്ഞിട്ടും ഡോക്ടർ എന്തിനാ അവർക്ക് വോട്ട് ഇട്ടത്? എന്ന് ചോദിക്കുന്നവർക്ക് എന്റെ മറുപടി: തമിഴ്നാട്ടിൽ ഈ രണ്ടുകൂട്ടരുമല്ലാതെ മറ്റൊരു Option ഇല്ലാത്തതുകൊണ്ട് സമ്മദിദാനാവകാശം സഷ്ടപ്പെടാതിരിക്കാൻ; മനസില്ലാമനസ്സോടെ വോട്ടിട്ടു. സ്വതന്ത്രരായി മത്സ

ജാ മ ക്കാ ര ൻ JAMAKKARAN

# MAY - 2019

രിച്ച ചില നല്ല ആളുകളുണ്ടായിരുന്നു. പക്ഷേ ജയിച്ചു വന്നാലും അവർക്ക് ഒറ്റയ്ക്ക് നിന്ന് ഈ നാടിനായി ഒന്നും ചെയ്യാനാവില്ല.

ഈ മാസിക നിങ്ങളുടെ കൈകളിൽ ലഭിക്കുമ്പോൾ ഇന്ത്യക്ക് ഒരു പുതിയ സർക്കാർ നിലവിൽ വന്നിരിക്കും. പുതിയ പ്രധാനമന്ത്രിയും, മന്ത്രിസഭയും ചുമതല യേറ്റിരിക്കും.

ഭരണാധാരികൾ നമുക്കിഷ്ടപ്പെട്ടവരാണെങ്കിലും അല്ലെങ്കിലും അവർക്കായി പ്രാർത്ഥിക്കണം എന്നാണ് ദൈവവചനം നമ്മെ ഓർമ്മി ക്കുന്നത്. 1 തിമൊ. 2:2; റോമാ. 13:1–5; തീത്തോസ് 3:1,2 – ഈ വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ഭരണാധികാരി കൾ മോശപ്പെട്ടവരാണെങ്കിലും, അവർ ദൈവത്താൽ നിയോഗിക്കപ്പെട്ടു; ദൈവത്തിന്റെ വേലക്കാരാണ്. ദൈവം അറിയാതെ, അനുവദിക്കാതെ ഒരു ഭരണവും ഭരണാധികാ രിയും ഇല്ല. ഭരണാധികാരിളെ ഭരണത്തിൽ ഏല്പിക്കുന്നതും അധികാരത്തിൽ നിന്ന് താഴെയിറക്കുന്നതും ദൈവം തന്നെ.

ജനങ്ങൾക്ക് വേണ്ടിയാണ് (ആത്മിക, ലൗകിക) ഭരണവും, അധികാരികളും, മന്ത്രി കളും, നേതാക്കളും ഒക്കെ ഉള്ളത്. ദൈവം പഴയനിയമ കാലത്ത്: ജനങ്ങൾ ദൈവ ത്തിന്റെ വാക്കിന് ശ്രദ്ധിക്കാതെ ദൈവത്തെ വേദനിപ്പിച്ചപ്പോൾ; അവരുടെ ശത്രു ക്കളെത്തന്നെ അവർക്ക് ഭരണാധികാരികളായി നല്കി. യിസ്രായേൽ ജനത്തെ ഫറ വോന്റെ കയ്യിൽ ഏല്പിച്ചതും, ഹൃദയത്തെ കഠിനമാക്കിയതും ദൈവം തന്നെ. ഫെലി സ്ത്യർ, അമ്മോന്യർ തുടങ്ങി അനേകം ശത്രുക്കളുടെ കയ്യിൽ ദൈവം തന്നെ യിസ്രാ യേൽ ജനത്തെ ഏല്പിച്ചു എന്ന് ദൈവ വചനം പറഞ്ഞു തരുന്നു. ദൈവം ശലോ മോൻ രാജാവിനെക്കൊണ്ട് തനിക്കുവേണ്ടി ഒരു ദേവാലയം (ബൈബിളിൽ ദേവാലയം എന്ന പേരിനർഹമായ (പൂർണ്ണ അർത്ഥത്തിൽ) അല്ലെങ്കിലും ഒരേയൊരു ആത്മീയ സമ്മേളന കേന്ദ്രം ഇതൊന്നു മാത്രമാണ്. ഇന്ന് ക്രിസ്തീയ മതത്തിൽക്കാണുന്ന ദേവാ ലയങ്ങൾ ആരുടേത് എന്ന് വചനാനുസരണം വായനക്കാർ ചിന്തിക്കുക) പണികഴിപ്പി ച്ചു. ദാവീദിനു വേണ്ടി ദൈവം ശലോമോനെ സ്നേഹിച്ചു. ആസ്തി, സമ്പത്ത്, സമാ ധാനം, ജ്ഞാനം എല്ലാം ദൈവം ശലോമോന് നല്കി. ദൈവത്തിനിഷ്ടമില്ലാത്ത കാര്യം;

അതനുസരിക്കാതെ കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങിയപ്പോൾത്തന്നെ അതുവരെ സമാധാനം മാത്രമായിരുന്ന ദേശത്തിൽ, ശത്രുക്കളെ ദൈവം തന്നെ എഴുന്നേല്പിച്ചു; സമാധാനകേടുണ്ടായി. ഈ സംഭവം മതമണ്ഡലത്തിനും (C.S.I, Lutheren, Marthoma തുടങ്ങിയ Main line Church കൾക്ക്) മുന്നറിയിപ്പായി നില്ക്കുന്നു. ശത്രുക്കളുടെ കയ്യിൽ നിന്ന് ജയം നേടുവാൻ ജനങ്ങൾ തങ്ങളെത്തന്നെ താഴ്ത്തി, പഥ്യോപദേശപ്രകാരം ദൈവത്തിന്റെ മുഖത്തേക്കു നോക്കുമ്പോൾ നമ്മുടെ വിടുതലിനായി ദൈവം നായകന്മാരെ എഴുന്നേല്പിക്കും.

ഈ യുഗത്തിന്റെ (കൃപായുഗം/ സഭായുഗം) അവസാനം സമീപിച്ചിരിക്കുന്നു. മണവാളനായ യേശുക്രിസ്തു മദ്ധ്യാകാശത്തിൽ മടങ്ങിവരുമ്പോൾ സത്യസഭയെ (പഥ്യോപദേശപ്രകാരം ജീവിക്കുന്ന വൃതന്മാരെ) കൂട്ടിക്കൊണ്ടുപോകും എന്ന് വ്യക്തമായി എഴുതിയിട്ടുണ്ട്. സഭകളെ വചനത്തിലേക്കുള്ള ഒരു മടങ്ങിവരവിലേക്ക് ദൈവം നയിക്കട്ടെ എന്നാശംസിച്ച് ഈ കത്തിന് താല്ക്കാലിക വിരാമമിടുന്നു.

കഴിഞ്ഞ മാസം SSLC, +1, +2 പഠിച്ച് പരീക്ഷയെഴുതിയ നമ്മുടെ വായനക്കാരുടെ മക്കളിൽ 6 പേർ ഒഴികെ മറ്റെല്ലാ കുഞ്ഞുങ്ങളും പാസ്സായി എന്നറിഞ്ഞ് ദൈവത്തെ സ്തുതിക്കുന്നു.

പ്രാർത്ഥനയ്ക്കായി അയച്ച എല്ലാ കത്തുകൾക്കും, Mail കൾക്കുമായി പ്രാർഥിച്ചു. പ്രാർഥനയ്ക്കു മറുപടിലഭിച്ച ഉടൻതന്നെ അത് അറിയിച്ച് എഴുതിയ ഏവർക്കുമായി ദൈവത്തെ സ്തുതിക്കുന്നു. പ്രാർത്ഥനയ്ക്കു ഉത്തരം ലഭിച്ചവർ ദൈവത്തിന് നന്ദിയുള്ളവരാ യി വചനാനുസരണം ജീവിക്കുക. ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ!

കർത്തൃശുശ്രൂഷയിൽ

**ഡോ.പുഷ്പരാജ്**

website: www.jamakkaran.com

# ബിഷപ്പ് കെ.പി. യോഹന്നാൻ അവർകൾ മാനസാന്തരപ്പെടണം



Suvishesagan
K.P.Yohannan

കേരളത്തിൽ ഞാൻ കൂടുതൽ ബഹുമാനിക്കുന്ന യഥാർത്ഥ ദൈവദാസനായി കെ.പി. യോഹന്നാൻ അവർകളെ ഞാൻ കണ്ടു.



Bishop
Dr.K.P.Yohannan,Metropolitan

**ആത്മീയ യാത്ര :-** റേഡിയോ പ്രക്ഷേപണം വഴിയാണ് ആദ്യമായി ഞാൻ ഇദ്ദേഹവു ായി ബന്ധപ്പെട്ടത്. ഇദ്ദേഹത്തിന്റെ മുഖം കാണാതെ, ഇദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മാത്രം കേട്ട് മദ്യപാനം ഉപേക്ഷിച്ചവർ ധാരാളം ഉണ്ട്. രക്ഷിക്കപ്പെട്ട വ്യക്തികൾ ലക്ഷക്കണക്കിന് എന്നത് ഉറപ്പിച്ചു പറയാൻ കഴിയും. ഇദ്ദേഹത്തിന്റെ പൊതുയോഗങ്ങളിൽ സ്റ്റേജിൽ അദ്ധ്യക്ഷം വഹിക്കുന്നത് ആരായിരുന്നാലും ആരുടേയും മുഖം നോക്കാതെ സത്യത്തെ സത്യംപോലെ പറയുന്ന ദൈവദാസൻ ആയിരുന്നു. ഇദ്ദേഹത്തിന്റെ ആരംഭകാല ചരിത്രം എനിക്കറിയത്തില്ല. പക്ഷേ അവരുടെ കുടുംബം മാർത്തോമാ സഭക്കാരായിരുന്നു എന്നാണ് ഞാൻ അറിഞ്ഞത്. അതുകൊണ്ടാണ് ആത്മീയ യാത്ര എന്ന സ്ഥാപനം വളർന്ന് വൻവൃക്ഷമായി പടർന്നു പന്തലിച്ചപ്പോൾ മാർത്തോമാ സഭയുടെ ബിഷപ്പ് ഈ സ്ഥാപനത്തിന്റെ പേട്രൺ ആയിരുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1978–ാം വർഷം ഞാൻ പോകുന്ന വഴിയിൽ ഇദ്ദേഹത്തിന്റെ ഒരു യോഗം നടന്നുകൊണ്ടിരുന്നു. കാറിൽ നിന്നും ഇറങ്ങി അൽപസമയം അദ്ദേഹത്തിന്റെ പരിശുദ്ധാത്മ നിറവോടുകൂടിയ പ്രസംഗം കേട്ടു. അത് വിശുദ്ധയോഹന്നാന്റെ സിംഹമാതിരിയുള്ള പ്രസംഗം ആയിരുന്നു. സ്റ്റേജിൽ രണ്ടു

ബിഷപ്പുമാരും ധാരാളം അച്ചൻമാരും ഉണ്ടായിരുന്നു. അന്ന് യോഹ : 3 : 3 വചനത്തിന്റെ അടിസ്ഥാന ത്തിൽ പ്രസംഗിച്ചു. ഒരുത്തൻ വീണ്ടും ജനിച്ചില്ലാ യെങ്കിൽ അവൻ സ്വർഗ്ഗരാജ്യത്തെ കാണുന്നില്ല. പ്രസംഗത്തിനിടയിൽ അദ്ദേഹം പറഞ്ഞ ഒരു വാക്ക്, എന്നെയും കൂടെ വന്നവരെയും ഞെട്ടിച്ചു. അദ്ദേഹം പറ ഞ്ഞതെന്തെന്നാൽ സ്റ്റേജിൽ ഇരുന്ന ബിഷപ്പുമാരെ ചൂണ്ടിക്കാണിച്ച്, നിങ്ങൾ രക്ഷിക്കപ്പെടാതെ പോയാൽ ഈ ഗുല്ലായും കുപ്പായവും സ്വർഗ്ഗത്തിൽ എത്തു കയില്ല. ഉഗ്രൻ പ്രസംഗമായിരുന്നു. എന്റെ ജാമക്കാരൻ മാസികയിൽപ്പോലും ഇത്ര ബോൾഡായിട്ട് ബിഷപ്പുമാരെ ഞാൻ ചൂണ്ടിക്കാണിച്ച് എഴുതിയിട്ടില്ല. കെ.പി. യോഹന്നാൻ അവർകൾ ഏതു ഗുല്ലായെക്കുറിച്ചും കുപ്പാ യത്തെക്കുറിച്ചും വിമർശിച്ചുവോ അതേ ഗുല്ലായും അതേ കുപ്പായവുമായിട്ട് ഒരു വടിയും പിടിച്ചുകൊണ്ട് നിൽക്കുന്നത് എന്നെ ഞെട്ടിപ്പിക്കുകയും എന്നെ വളരെ ദുഃഖിതനാക്കുകയും ചെയ്തു. പല വർഷങ്ങൾക്ക് മുൻപ് അദ്ദേഹത്തെ നേരിട്ടു കാണുവാൻ ചെന്നപ്പോൾ വീട്ടിൽ ഇല്ല.



വീടിന്റെ പുറകുവശത്ത് പശുക്കളുടേയും എരുമകളു ടേയും ഇടയിൽ ഒരു സാധാരണ കട്ടിലിൽ കിടന്നു കൊണ്ട് വായിച്ചുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. എത്രത്തോളം എളിമയുള്ള ഒരു ദാസനായി കണ്ട് ഞാൻ അന്ന് ദൈവത്തെ സ്തുതിച്ചു. അങ്ങനെ എന്റെ ഹൃദയത്തിൽ സാധു കൊച്ചുകുഞ്ഞിന്റെ അടുത്ത സ്ഥാനത്ത് ഇദ്ദേഹത്തെ കണ്ട് അദ്ദേഹത്തിന്റെ ഒരു ആരാധകനായും ഞാൻ മാറി.

ദുഃഖകരമായ ഒരു ദിവസം എന്നുപറയാം, അന്നത്തെ ആ നല്ല ദൈവദാ സനെ ഇന്ന് ബിഷപ്പിന്റെ രൂപത്തിൽ ഞാൻ കണ്ടപ്പോൾ മനസ്സിന് വിഷമവും വളരെ ദുഃഖവും ഉണ്ടായി. **"ആത്മീയയാത്ര" ബിലീവേഴ്സ് ചർച്ചായി** മാറിയ ശേഷം ഇദ്ദേഹത്തിന്റെ ഉപദേശങ്ങളിലും പ്രവൃത്തികളിലും വളരെയധികം മാറ്റങ്ങൾ ഉണ്ടായി. ഇദ്ദേഹം ഇങ്ങനെ പിൻമാറ്റത്തിൽ ആയതിന് സി.എസ്.ഐ മുൻ മോഡറേറ്ററും മറ്റു ബിഷപ്പുമാരും പ്രധാന കാരണങ്ങൾ ആകുന്നു. ഇദ്ദേ

ഹത്തെ ബിഷപ്പാക്കിയ മോഡറേറ്ററും ബിഷപ്പുമാരും ദൈവത്തിന്റെ സന്നിധിയിൽ ഒരിക്കൽ കണക്കുപറയേണ്ടി വരും. തൊപ്പിയില്ലാത്ത സാധാരണ ബിഷപ്പിന്റെ രൂപത്തിൽകണ്ട ഇദ്ദേഹം ഇപ്പോൾ യാക്കോബായക്കാർ ഇടുന്ന ഗുല്ലായോടെ നിൽക്കുന്നത് എന്നിൽ വളരെയധികം വിഷമം ഉണ്ടാക്കി. 2018–ാം വർഷത്തിൽ ഇദ്ദേഹം അടിച്ചിറക്കിയ **"ധൂപക്കുറ്റ്"** എന്ന പേരിലുള്ള ആ പുസ്തകം ഞാൻ വായിച്ചപ്പോൾ ആഴമുള്ള പാതാളക്കുഴിയിലേക്ക് അദ്ദേഹം താഴ്ന്നുപൊയ്ക്കൊണ്ടിരിക്കുന്നു എന്ന് മനസ്സിലായി. എല്ലാ സഭകളിലും ധൂപക്കുറ്റ് ഉപയോഗിക്കുന്നത് ആവശ്യമാണ്. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ അത് ശരിയാണ് എന്ന് എഴുതി എല്ലാവർക്കും വിതരണം ചെയ്യുന്നു.

ഇദ്ദേഹത്തിന്റെ ഈ വലിയ പിൻമാറ്റം കണ്ടപ്പോൾ, ഈ തെറ്റായ ഉപദേശം തന്റെ ബിലിവേഴ്സ് ചർച്ചിലും കൈക്കൊള്ളണം എന്ന് അറിയിച്ചതോടെ സഭാവിശ്വാസികൾ ധാരാളം പേർ സഭ വിട്ടുപോയി. അനേകം പാസ്റ്റർമാർ സഭയെ വിട്ട് പുറത്തുപോയി. അതിൽ ചിലർ എന്റെ അടുക്കൽ വന്ന്, ഏതെങ്കിലും സഭകളിൽ ശുശ്രൂഷ ചെയ്യുവാനുള്ള ഏർപ്പാടുകൾ ചെയ്യണം എന്ന് എന്നോട് അഭ്യർത്ഥിക്കുകയുണ്ടായി.

## ജാമക്കാരൻ:

ബിഷപ്പ് കെ.പി. യോഹന്നാൻ അവർകൾ പഴയ സഹോദരൻ യോഹന്നാനച്ചായൻ ആയിരുന്നപ്പോൾ എങ്ങനെ പ്രവർത്തിച്ചുവോ ആ പ്രവർത്ത നങ്ങളിലേക്ക് മടങ്ങി വരണം എന്ന് അദ്ദേഹത്തിന്റെ പഴയ ഒരു ആരാധകൻ എന്ന നിലയിൽ യാചിച്ചു അഭ്യർത്ഥിക്കുന്നതെന്തെന്നാൽ, ഇദ്ദേഹം മരിക്കുന്നതിനു മുൻപെ വീണ്ടും മാനസാന്തരപ്പെട്ട് പഴയ യഥാർത്ഥ എളിയ ദൈവവേലക്കാരനായി മാറണം എന്നാണ്, തുടർന്നും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഇത് വായിക്കുന്നവരും അദ്ദേഹത്തിന്റെ മാനസാന്തരത്തിനായി ഭാരത്തോടെ പ്രാർത്ഥിക്കണം. ഇല്ലെങ്കിൽ ലക്ഷക്കണക്കായ ആത്മാക്കളെ ക്രിസ്തുവിന്റെ പാദപീഠത്തിൽ കൊണ്ടുവന്ന് ചേർത്ത അദ്ദേഹത്തിന്റെ പലവർഷ ദൈവവേലയുടെ ഫലം നഷ്ടമാകും. അവസാനംവരേയും നിലനിൽക്കുന്നവൻ രക്ഷിക്കപ്പെടും.

# തമിഴ് ക്രിസ്തീയ സഭകളുടെ പ്രാർത്ഥനാ സമ്മേളനം

## സ്ഥലം : *NLCC (AOG* ചർച്ച്) തീയതി : 2019 ഫെബ്രുവരി 24


Moderator
Most.Rev.Thomas K.Oomman


Pastor. D.Mohan

(WCC) WORLD COUNCIL OF CHURCHES എന്ന ലോക ക്രിസ്തീയ സഭകളുടെ സ്ഥാപനത്തിന്റെ കെണിയിൽ അകപ്പെട്ട രണ്ടു പ്രധാന സഭകളുടെ നേതാക്കൾ. 1) 24 CSI ഡയോസിസുകളുടെയും നേതാവായ CSI മോഡറേറ്റർ മോസ്റ്റ്. റവ. തോമസ്. കെ. ഉമ്മൻ. 2) ഏഷ്യയിലെ അസംബ്ലീസ് ഓഫ് ഗോഡ് (AOG) സഭകളുടെ നേതാവായ പാസ്റ്റർ D. മോഹൻ (ചെന്നൈ).

ചില മാസങ്ങൾക്കുമുൻപ് മദ്ധ്യകേരള ഡയോസിസിന്റെ ബിഷപ്പും, C.S.I മോഡറേറ്ററുമായ മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ അവർകൾ WCC യുടെ നവീന ഉപദേശങ്ങളെ സമ്മതിച്ച്, അതിനെ 24 CSI ഡയോസിസുകളിലും പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ മോഡറേറ്റർ അവർകൾ CSI സിനഡ് വഴിയായി അച്ചടിച്ചു വിതരണം ചെയ്ത "ലന്തുകാല ഉപവാസ പ്രാർത്ഥനാ കുറിപ്പുകൾ" എന്ന തലക്കെട്ടിൽ അധർമ്മ മൂർത്തിയുടെ തെറ്റായ ഉപദേശമായ **വാസുദൈവകുടുംബകം** എന്ന പേരിലും ECLOGI എന്നുള്ള ഉപദേശത്തെ പരിചയപ്പെടുത്തി. ECLOGI എന്നത് ഒരു സാമൂഹിക പ്രവർത്തനമല്ല.

അത് വിശ്വാസത്തിന്റെ ഒരു ഭാഗം ആകുന്നു. "Seing God is Every Creation" അതായത് പ്രപഞ്ചത്തിന്റെ എല്ലാ സൃഷ്ടികളിലും ദൈവം ഉണ്ട്. Earth Bible Sermons എന്ന പുസ്തകത്തിൽ 1–ാം വാല്യം മോഡറേറ്റർ അവർകൾ C.S.I സഭകൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. “ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു:” (റോമ : 1 : 25). വൃക്ഷലതാദികളെ നാം സംരക്ഷിക്കാതെ പോയാൽ അത് പാപം എന്ന് മോഡറേറ്റർ അവർകൾ പറയുന്നു. അതോടൊപ്പം GENDER EQUITY BEGINNING WITH THE CHURCH എന്നും അറിയിച്ച് മൂന്നാം ലിംഗക്കാരെ (ഹിജഡകൾ) സഭകളിൽ ഉൾപ്പെടുത്തി സഭകളുടെ നേതൃനിരകളിൽ കൊണ്ടുവരണം എന്നും അറിയിക്കുകയുണ്ടായി. C.S.I യിലെ എത്ര ഡയോസിസുകൾ തങ്ങളുടെ എത്ര സഭകളിൽ ഇത് അറിയിച്ചു എന്ന് അറിയുവാൻ പാടില്ല. എന്നാൽ മധ്യകേരള ഡയോസിസിൽ തന്നെ ഭൂരിപക്ഷം അച്ചൻമാരും സഭാവിശ്വാസികളും ഇതിനെ എതിർത്തു എന്നു ഞാൻ അറിഞ്ഞു. സൊദോം ഗൊമോരയുടെ പാപം സഭകളിൽ അനുവദിക്കാതെ ജാഗ്രതയായിരിപ്പിൻ.

**പെന്തക്കോസ്തുസഭകളിലും** WCC യുടെ നവീന ഉപദേശം പ്രാവർത്തികമാക്കുവാൻ AOG സഭകളുടെ ഏഷ്യൻ പ്രസിഡന്റായ പാസ്റ്റർ മോഹനെ തെരഞ്ഞെടുത്തു. 2019 ഫെബ്രുവരി മാസം എല്ലാ (സി.എസ്.ഐ, ലൂഥറൻ, കത്തോലിക്ക സഭ, പെന്തെക്കോസ്ത്) സഭകളുടെയും അച്ചൻമാർ, പാസ്റ്റർമാർ, ബിഷപ്പുമാർ എല്ലാവരേയുംകൂട്ടി വരുത്തി ഈ സമ്മേളനത്തെ വിജയകരമാക്കി.

## ഈ സമ്മേളനത്തിന്റെ ഉദ്ദേശ്യം എന്ത്?

തമിഴ്നാട്ടിലുള്ള എല്ലാ സഭാവിഭാഗങ്ങളെയും ഒന്നുചേർന്ന് ഒരു കുട ക്കീഴിൽ കൊണ്ടുവരണം, എല്ലാ സഭകളും ഒരേ പേരിൽ വിളിക്കപ്പെടണം, അതിന് BODY OF CHRIST എന്ന പേരിൽ കൊണ്ടുവരണം.

ഇത് അധർമ്മമൂർത്തിയുടെ പ്രവർത്തനത്തിന്റെ ആരംഭമാകുന്നു. ഒരേ ലോക സഭ എന്ന പേരിൽ അധർമ്മമൂർത്തിയുടെ ഭരണം ഉണ്ടാകുവാൻ ഇത് മുഖാന്തിരമാകും. ഇത് വേദവചനവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസ ദ്രോഹമാണ്. ഈ സമ്മേളനത്തിൽ കത്തോലിക്ക ബിഷപ്പുമാരുടെ നേതൃത്വത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. റോമൻ കത്തോലിക്കാ സഭകളുടെ പിതാവായ പോപ്പ് അവർകൾ ലോകത്തിലുള്ള എല്ലാ സഭാവിഭാഗങ്ങളുടെയും നേതാക്കളെ ഒന്നിച്ചു നിർത്തി. ഇതുപോലെ സമ്മേളനം നടത്തി. അതിന്റെ തെളിവായ ഫോട്ടോ നിങ്ങളുടെ അറിവിലേക്കായി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.



മുകളിൽ കാണിച്ചിരിക്കുന്ന പടത്തിൽ ബിഷപ്പിന്റെ പിറകിലുള്ള പ്രതിമയെ നോക്കുവിൻ. പിശാചിനെപ്പോലെയുള്ള ഒരു രൂപത്തെയാണ് നിങ്ങൾ കാണുന്നത്. പൊതുവെ കത്തോലിക്കാസഭയുടെ ഉപദേശം സി.എസ്.ഐ, മാർത്തോമ സഭകളെക്കാൾ പെന്തക്കോസ്തു സഭകൾക്ക് നന്നായി അറിയാം. സി.എസ്.ഐ, മാർത്തോമ, ലൂഥറൻ സഭകളെ ചത്തുപോയ സഭകളെന്നും പരിശുദ്ധാത്മാവ് ഇല്ലാത്ത സഭകളെന്നും വിളിച്ചുപറയുന്ന AOG പെന്തക്കോസ്തു സഭ പാസ്റ്റർ

D. മോഹൻ അവർകൾ ഇങ്ങനെ ഉള്ളവരോട് എങ്ങനെ യോജിച്ചുപോകും. ഇവരെല്ലാവരേയും ചേർത്ത് ഏകസഭയായി BODY OF CHRIST എന്ന് എങ്ങനെ പറയും.

ഇങ്ങനെയുള്ള സഭകളിൽ നിന്നും പിരിഞ്ഞുവന്നാലേ സ്വർഗ്ഗത്തിൽ പോകുവാൻ കഴിയുകയുള്ളൂ എന്ന് പറയുന്ന ഇവർ ഏകസഭ എന്ന പേരിൽ(BODY OF CHRIST) പേരിൽ എങ്ങനെ ആരാധിക്കും. 1 കൊരി : 6–ാം അദ്ധ്യായത്തിൽ ഇണയില്ലാപിണകൂടരുത് എന്ന് പൗലോസ് പറയുന്നു. നീതിയ്ക്കും അനീതിയ്ക്കും ബന്ധമേത്. വെളിച്ചത്തിനും ഇരുട്ടിനും എങ്ങനെ ഐക്യമുണ്ടാകും. ക്രൈസ്തവസഭയ്ക്കും വിഗ്രഹാരാധികൾക്കും എങ്ങനെ ബന്ധമുണ്ടാകും. ഈ സമ്മേളനത്തിൽ എല്ലാ സഭകൾക്കുള്ളിൽ REVIVAL (ഉണർവ്) ഉണ്ടാകുന്നതും ഈ സമ്മേളനത്തിന്റെ പ്രത്യേകതയാണ് എന്നും പറയുന്നു. ഈ സമ്മേളനത്തിൽ സംബന്ധിച്ച പാസ്റ്റർ മോഹൻ അവർകൾക്കും (AOG, IPC, CSI) സഭാനേതാക്കൾക്കും പാസ്റ്റർമാർക്കും വിശ്വാസികൾക്കും നേരെ എന്റെ ചില ചോദ്യങ്ങൾ?

1. മറിയയോടും മരിച്ച വിശുദ്ധൻമാർ എന്ന് വിളിക്കപ്പെടുന്ന മനുഷ്യരോടും, ഇവർക്ക് പ്രാർത്ഥിക്കുവാൻ സാധിക്കുമോ?

മറിയയും വിശുദ്ധൻമാരും മരിച്ചവരാണ്. അവരെക്കൊണ്ട് ഒരു പ്രയോജനവും ഇല്ല. സഭാ: 9 : 5 ൽ മരിച്ചവരുടെ ഓർമ്മ വിട്ടുപോകും. അവരെക്കൊണ്ട് ഒന്നും ചെയ്യുവാൻ കഴികയില്ല. മരിച്ച ആത്മാവിന് ഒന്നും പ്രവർത്തിക്കുവാൻ കഴികയില്ല. ആവ : 18 : 10 ൽ മരിച്ച ആത്മാക്കളോട് സംസാരിക്കുന്നവർ ശപിക്കപ്പെട്ടവരാകുന്നു എന്ന് എഴുതിയിരിക്കുന്നു. മരിച്ച ആത്മാവിന് ഈ ലോകത്തിൽ കടന്നുവരാൻ കഴികയില്ല. മരിച്ച ശരീരത്തിലും കയറുവാൻ കഴികയില്ല. ഇങ്ങനെ വേദപുസ്തകം പറയുമ്പോൾ മരിച്ച മറിയയോടും അന്തോണിയോടും എന്തുകൊണ്ട് പ്രാർത്ഥിക്കണം? യേശുക്രിസ്തുവും മരിച്ചു. ഉയർത്തെഴുന്നേറ്റു, ഇപ്പോഴും ജീവനോടെയായിരിക്കുന്നു. അതുകൊണ്ടാണ് യേശുക്രിസ്തുവിനോടു മാത്രം പ്രാർത്ഥിക്കുവാൻ പറയുന്നത്. ആകാശത്തിന്റെ

കീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷിക്കപ്പെടുവാൻ വേറൊരുനാമവും ഇല്ലാ യെന്ന് അപ്പൊ : 4 : 12 ൽ പറയുന്നു.

2) പോപ്പ് – ഹോളി ഫാദർ എന്നുള്ള കള്ള ഉപദേശത്തെ പെന്തെക്കോ സ്തുകാർ സമ്മതിക്കുന്നുവോ? യേശുക്രിസ്തുവിനെ തന്നെ വിഗ്രഹമാക്കി അങ്ങനെയൊരു ആരാധനയെ ഏക സഭയാക്കിയ ശേഷം പെന്തെകോസ്തു സഭകളിൽ വച്ച് ആരാധിക്കുന്നു. ഇങ്ങനെയുള്ള തെറ്റായ ഉപദേശങ്ങളോട് ചേർന്ന് ഏകസഭ എന്ന പേരിൽ അസംബ്ലീസ് ഓഫ് ഗോഡ് ഈ സമ്മേളനം നടത്തി തന്റെ സഭക്കാർക്ക് പറയാൻ ഉദ്ദേശിക്കുന്നത് എന്താണ്.WCC എന്നുള്ള ഈ സ്ഥാപനത്തോട് സി.എസ്.ഐ മോഡറേറ്റർ ചേർന്നതുപോലെ പെന്തെ ക്കോസ്ത് സഭകളും AOG പാസ്റ്റർ മോഹൻ അവർകൾ വഴിയായി ഈ തെറ്റായ ഉപദേശങ്ങളിൽ പ്രവേശിച്ച് അധർമ്മ മൂർത്തിയ്ക്ക് വഴി യൊരുക്കാൻ ഇവരെ ല്ലാവരും പിശാചിന്റെ അടിമകളായിപ്പോയി. ഇത് വായിക്കുന്ന വായനക്കാർ ഏതു സഭയായാലും തങ്ങളെ തന്നെ ജാഗ്രതപ്പെടുത്തിക്കൊള്ളണം. ഇവരുടെ ആരുടേയും ഉപദേശത്തെ കൈക്കൊള്ളാതെ വചന പ്രകാരം ജീവിക്കണം.

# E - Mail

ജാമക്കാരൻ മാസിക ആവശ്യപ്പെടുന്നവരും പ്രാർത്ഥനാ വിഷയങ്ങൾ എഴുതി അറിയിക്കുന്നവരും ബാങ്ക് വഴിയായി പണം അയയ്ക്കുന്നവരും തങ്ങ ളുടെ പൂർണ്ണ വിലാസത്തോടൊപ്പം ഫോൺ നമ്പരും കൂടി എഴുതി അയച്ച് സഹായിക്കണം. എങ്കിൽ ഉടനെതന്നെ മറുപടി അയയ്ക്കുവാൻ കഴിയും. നിങ്ങ ളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പഴയവിലാസവും പുതിയ വിലാസവും എഴുതി അറിയിക്കണം.

If you want you can send money transfer details and your phone number through **SMS** following moblie number:

**9894261333**

# ക്രൈസ്തവസഭ: ഉപദേശവും പ്രവർത്തന ങ്ങളും എ.ഡി. 30 മുതൽ എ.ഡി. 100 വരെ

**Introduction:** ബലമുള്ള കയ്യിനാലും നീട്ടിയ ഭുജത്താലും മഹാഭയങ്കര പ്രവൃ ത്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടെ യിസ്രായേൽ ജനതയെ ദൈവം വീണ്ടെടുത്തു. പക്ഷേ, സ്വന്ത രക്തം ചൊരിഞ്ഞാണ് ദൈവം സഭയെ ഉരുവാ ക്കിയത്. വേദനസഹിച്ച് തന്റെ ജീവൻ പകർന്ന് സൃഷ്ടിച്ച സഭയുടെ പ്രത്യേകതകൾ, പ്രവർത്തനങ്ങൾ, ശ്രേഷ്ഠതകൾ എന്തൊക്കെ എന്നാണ് ഈ ലക്കവും വരും ലക്ക ങ്ങളും പരിശോധിക്കുന്നത്. ശ്രദ്ധയോടെ വായിച്ചാലും. നമ്മുടെ വാഴ്തപ്പെട്ട കർത്താവ് സ്ഥാപിച്ച സഭയ്ക്കും കാലാകാലങ്ങളിലായി മനുഷ്യർ സ്ഥാപിച്ച സഭ വിഭാഗങ്ങൾക്കു മുള്ള വ്യത്യാസങ്ങളെ പരിശോധിക്കാം. എനിക്കു ഏറ്റവും പ്രിയമുള്ള വായനക്കാരെ വരൂ! പ്രീതരായ് നമുക്ക് പുതിയനിയമ താളുകളിലേക്ക് സഞ്ചാരം ചെയ്യാം!!

കഴിഞ്ഞ മാർച്ച് ലക്കത്തിൽ ആംഗ്ലിക്കൻ സഭ (CSI, CNI) എന്ത് വിശ്വസിക്കുന്നു എന്ന് (വിശ്വാസപ്രമാണം/ Statement of Faith) കാണുകയുണ്ടായി. കത്തോലിക്ക സഭ യിൽ നിന്ന് വിശ്വാസചാരങ്ങളുടെ പേരിൽ അല്ല, മറിച്ച് രാജാവിന്റെ വ്യക്തിപരമായ (അവിഹിത വേഴ്ചയുടെ) കാരണത്താൽ ഉണ്ടാക്കിയ സഭയാണ് ആംഗ്ലിക്കൻ സഭ യെന്ന് മനസ്സിലായല്ലോ. അക്കാരണത്താൽത്തന്നെ, ആംഗ്ലിക്കൻ സഭയുടെ വിശ്വാസ പ്രമാണങ്ങളിൽ 90% ഇന്നും കത്തോലിക്കാ സഭയുടേത് തന്നെയാണ്.

ചുരുക്കത്തിൽ, 90% കത്തോലിക്കാ സഭയുടെ വിശ്വാസപ്രമാണത്തിൽ 10% നവീക രണ വിശ്വാസപ്രമാണം (Lutheran, Ana Baptists, Puiritans, Calvinists എന്നിവരുടെ വക) എന്ന മലർപ്പൊടി (ക്രീം) ചേർത്ത് അലങ്കരിച്ച് വച്ചിരിക്കുന്ന മധുര മനോഹര മനോജ്ഞ വസ്തുവാണ് ആംഗ്ലിക്കൻ സഭയുടെ വിശ്വാസപ്രമാണം.

ആംഗ്ലിക്കൻ സഭയുടെ വിശ്വാസപ്രമാണത്തെ വചനാനുസരണം വിലയിരുത്തണ മെങ്കിൽ – ക്രിസ്തു, ക്രൈസ്തവം (മതമല്ല; മാർഗ്ഗത്തെ), സഭ എന്നിവയെക്കുറിച്ച്

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ്, അപ്പോസ്തലന്മാർ, ആദിമ നൂറ്റാണ്ടിലെ (A.D. 30-100 വരെയുള്ള) സഭ എന്നിവർ എന്ത് പഠിപ്പിച്ചു, ഉപദേശിച്ചു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

വായനക്കാർ സമയമെടുത്ത് ഈ ലക്കത്തെ വായിച്ചാലും. അടുത്ത ലക്കത്തിൽ വചനവുമായി ആഗ്ലിക്കൻ സഭയുടെ വിശ്വാസപ്രമാണങ്ങളെ താരതമ്യം ചെയ്ത് പഠിക്കാം. ഈ വചന ധ്യാനം നിങ്ങളെ പച്ചയായ പുൽപ്പുറങ്ങളിലും സ്വസ്ഥതയുള്ള വെളളത്തിന്നരികത്തേക്കും നടത്തും. പ്രാണനെ തണുപ്പിക്കും, പഥ്യോപദേശത്തിന്റെ നീതിപാതകളിൽ നടത്തും. കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ കടന്നു വരൂ, എന്തിന് മടിച്ച് നില്ക്കുന്നു?

യഹൂദ, ബാബിലോണിയ, റോമൻ മതങ്ങളുടെ അനുകരണമോ അനുബന്ധമോ, പൂർത്തീകരണമോ ആയിരുന്നില്ല എ.ഡി. 30–ൽ പരിശുദ്ധാത്മാവിനാൽ രൂപംകൊണ്ട ക്രൈസ്തവസഭ. നിലവിലുള്ള മതവിഭാഗങ്ങളിൽ അതൃപ്തിയോ അഭിപ്രായഭേദമോ ഉള്ളവർ സംഘടിച്ച് പുതുതായി ആരംഭിച്ച ഒരു നവീന മതവുമായിരുന്നില്ല അത്. ഏതെങ്കിലും ഒരു മതത്തിലെ സവീകരണവിഭാഗമായും ക്രൈസ്തവസഭയെ ചിത്രീകരിക്കാനാവില്ല. അതു തികച്ചും വ്യത്യസ്തമാണ്. ദൈവീക വെളിപ്പാടിന്റെ പൂർണതയായി, ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയുടെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിനാൽ പണിയപ്പെടുന്ന ആത്മീയ സൗധമാണ് സഭ. ഞാൻ എന്റെ സഭയെ പണിയും (മത്തായി 16:18) എന്നു ക്രിസ്തു പറഞ്ഞു. അപ്പോൾ സഭ നിലവിൽ വന്നിരുന്നില്ല. ക്രിസ്തു കാൽവറിയിൽ നിവർത്തിച്ച രക്ഷാകര പദ്ധതിക്കു ശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെയാണ് ക്രിസ്തുവിന്റെ സഭ രൂപം കൊണ്ടത്. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (അപ്പോ.പ്രവൃ. 2:47) എന്നാണ് തിരുവെഴുത്തു വ്യക്തമാക്കുന്നത്. ക്രിസ്തുവിന്റേതാണ് സഭ. രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. സഭ ദൈവജനമാണ്.

## ക്രൈസ്തവസഭ: ഉപദേശവും പ്രവർത്തനങ്ങളും
## എ.ഡി. 30 മുതൽ എ.ഡി. 100 വരെ

അക്കാലത്ത് റോമാ സാമ്രാജ്യം ഭരിച്ചിരുന്നത് അഗസ്തസ് സീസറുടെ പിൻഗാമിയായ ടൈബീരിയസ് ചക്രവർത്തിയായിരുന്നു. എ.ഡി. 30 ൽ യേശുക്രിസ്തു കാൽവറിയിലെ കുരിശിൽ മരിച്ച് അരിമത്യാക്കാരൻ ജോസഫിന്റെ കല്ലറയിൽ അടക്കപ്പെട്ടു. തിരുവെഴുത്തിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. നാല്പതു ദിവസം അപ്പൊസ്തലന്മാർക്കും മറ്റും അവിടുന്നു പ്രത്യക്ഷനായി. പിന്നീട് സ്വർഗ്ഗാരോഹണം ചെയ്തു.

സ്വർഗാരോഹണത്തിനു സാക്ഷ്യം വഹിച്ച ക്രിസ്തുവിന്റെ ശിഷ്യന്മാരും അമ്മ മറിയയും സഹോദരന്മാരും സ്ത്രീകളും യെരുശലേമിൽ ഒരു മാളിക മുറിയിൽ (വീട്ടിന്റെ മുകൾ നിലയിൽ) പ്രാർത്ഥനയുടെ അരൂപിയിൽ കഴിയുകയായിരുന്നു. അവർ ഏകദേശം നൂറ്റി ഇരുപതു പേരുണ്ടായിരുന്നു. നിങ്ങൾ യെരുശലേമിൽ നിന്നും വാങ്ങി പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും(അപ്പോ.പ്രവൃ. 1:8). ആ ക്രിസ്തുവചനം അവരുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. രാഷ്ട്രീയവും മതപരവുമായ ഭീഷണികളുടെയും വെല്ലുവിളികളുടെയും നടുവിൽ വാഗ്ദത്ത നിവൃത്തിക്കായി കാത്തിരിക്കുകയായിരുന്നു അവർ. അന്ന്, പെന്തെകോസ്തുനാളിൽ (യഹൂദന്മാരുടെ ഏഴ് പെരുനാളികളിൽ (ഉത്സവങ്ങളിൽ) ഒന്ന്)പരിശുദ്ധാത്മാവിന്റെ ആഗമനം ഒരു ചരിത്രയാഥാർത്ഥ്യമായിത്തീ ർന്നു. അന്നത്തെ പെന്തെകോസ്തു നാൾ ചരിത്രത്തിന്റെ തേജസ്സായി മാറി.

ക്രൈസ്തവസഭയുടെ പ്രഥമചരിത്രകാരനായ ലൂക്കോസ് എഴുതുന്നു: പെന്തെക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂ ടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നും ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവൻ നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി(അപ്പോ.പ്രവൃ:21–4). പരിശുദ്ധാത്മാവിന്റെ ആഗ

മനം സമൂഹത്തെ ദൈവികദിശയിലേക്കു തിരിച്ചിവിട്ട സുപ്രധാന സംഭവമായി തീർന്നു. ദൈവത്തിന്റെ തിരുഹൃദയത്തിൽ രൂപംകൊണ്ട സഭ ലോകചരിത്രത്തിൽ ഒരു യാഥാർത്ഥ്യമായി. ഡോ. ലൂക്കോസ് തുടരുന്നു: അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു. അന്ന് മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു(അപ്പോ.പ്രവൃ. 2: 41–41). യേശുക്രിസ്തുവിനെ വ്യക്തിപരമായി രക്ഷിതാവും (പാപത്തിന്റെ മോചകനായും) കർത്താവുമായി (അനുദിന ജീവിതത്തെ നിയന്ത്രിക്കുന്നവനായി) സ്വീകരിച്ചവരുടെ സമൂഹമാണ് സഭ. എ.ഡി. 30–ൽ പരിശുദ്ധാത്മാവിന്റെ ആമഗനത്തോടെ ക്രിസ്തുവിന്റെ സഭ ലോക ചരിത്രത്തിൽ നിലവിൽ വന്നു.

## ക്രൈസ്തവ സഭയുടെ ജന്മദിനം –1

അപ്പോസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ ചരിത്രകാരനായ ലൂക്കോസ് എഴുതുന്നു, പെന്തെക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒരുമിച്ച് കൂടിയിരുന്നു. പെട്ടെന്ന് കൊടിയകാറ്റ് അടിക്കുന്നതുപോലെ ആകാശത്തുനിന്നും ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടുമുഴുവനും നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവു കൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ കൂടിവന്നവർക്ക് മനസ്സിലായ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി.

അന്നു ആകാശത്തിൻ കീഴിലുള്ള സകല ജനതകളിൽനിന്നും യെരുശലേമിൽ വന്നു പാർക്കുന്ന യഹൂദൻമാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി. ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ട് അമ്പരന്നുപോയി. എല്ലാവരും ഭ്രമിച്ച് ആശ്ചര്യപ്പെട്ടു. ഈ

സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നത് എങ്ങനെ?

പർത്ഥരും, മേദ്യരും, ഏലാമ്യരും, മെസൊപ്പൊത്തോമ്യയിലും, യഹൂദ്യയിലും, കപ്പദോക്ക്യയിലും, പൊന്തൊസിലും, ആസ്യയിലും, പ്രുഗ്യയിലും, പംഫുല്യയിലും, മുസ്രയീമിലും, കുറേനെയ്ക്കു ചേർന്ന ലിബ്യാ പ്രദേശങ്ങളിലും പാർക്കുന്നവരും റോമയിൽ നിന്നു വന്നു പാർക്കുന്നവരും യഹൂദന്മാരും യഹൂദാമതാനുസാരികളും ക്രേത്തരും അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നത് കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു. എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു, ഇതെന്തായിരിക്കും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. ഇവർ പുതുവീഞ്ഞു കുടിച്ചിരിക്കുന്നു എന്നു മറ്റുചിലർ പരിഹസിച്ചു പറഞ്ഞു. ചരിത്രകാരനായ ഡോ. ലൂക്കോസ് ഈ സംഭവം വിശദീകരിച്ച് പുതിയൊരു യുഗത്തിന് മുഖവര എഴുതി ചേർക്കുകയായിരുന്നു.

യഹൂദന്മാരുടെ ഒരു സുപ്രധാന ഉത്സവമാണ് പെന്തെക്കോസ്ത് (പെന്തകുസ്താ). പെന്തെക്കോസ്ത് എന്ന പദം ഹീബ്രു ബൈബിളിൽ കാണുകയില്ല. തോബിത്ത്, മക്കാബായർ എന്നീ അപ്പോക്രിഫാ ഗ്രന്ഥങ്ങളിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. വാരോത്സവം, കൊയ്ത്തുപെരുന്നാൾ, ആദ്യഫല ദിവസം എന്നീ പേരുകളിൽ യിസ്രയേൽക്കാർ ഇത് ആചരിച്ചിരുന്നു. പഴയ നിയമത്തിൽ ഈ പേരുകളാണ് കാണുക. ഏഴാമത്തെ ശബത്തിന്റെ പിറ്റേന്നാൾ വരെ അമ്പതുദിവസം എണ്ണി എന്ന് ലേവ്യ പുസ്തകത്തിൽ വായിക്കുന്നു. പെസഹയുടെ ആരംഭത്തിൽ നീരാജനകറ്റ അർപ്പിക്കുന്നതുമുതൽ ഉള്ള അമ്പതു ദിവസത്തെക്കുറിച്ചാണ് ഈ സൂചന. ഈ അമ്പതാം ദിവസമാണ് പെന്തെക്കൊസ്ത് പെരുനാൾ.

പെന്തെക്കോസ്ത് എന്ന പദത്തിന്റെ അർത്ഥം അമ്പതാമത്തേത് (അമ്പതാം ദിവസം) എന്നാണ്. Pentecoste(പെന്റക്കോസ്റ്റേ) Pentecostos(പെന്റക്കോസ്റ്റോസ്) എന്നാണ് ഗ്രീക്കുപദം. അമ്പതാമത്തെ എന്നു തന്നെ അർത്ഥം. യഹോവ സീനായ് മലയിൽ വച്ച് മോശേവഴി കല്പനകൾ നല്കി, യിസ്രായേൽ ജനത്തെ നിയമപ്രകാരം

സ്വന്തജനമായി അംഗീകരിച്ചതിന്റെ അനുസ്മരണയായിട്ടാണ് യിസ്രായേൽ സമൂഹത്തിന് ഒരു കാലഘട്ടം മുതൽ പെന്തെക്കോസ്ത് നല്കിയത്. സീനായ് സംഭവത്തിന്റെ വാർഷികദിനമായി അവർ പെന്തെക്കോസ്ത് ആചരിച്ചുപോന്നു. പെസഹകഴിഞ്ഞുവരുന്നആദ്യത്തെ ഞായറാഴ്ച (ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ) മുതൽ അമ്പതാമത്തെ ദിനമാണ് സദൂക്യർ പെന്തെക്കോസ്ത് ആചരിക്കുക. എ.ഡി. 30–ലെ പെന്തെക്കോസ്തു നാൾ ചരിത്രത്തിലെ സുപ്രധാനദിനമായി മാറി.

അന്നത്തെ ഞായറാഴ്ച (ആഴ്ചവട്ടത്തിൻ ഒന്നാം നാൾ) യെരുശലേമിലെ ആ ചെറിയ പ്രാർത്ഥനാസംഘത്തിന്റെ കാത്തിരിപ്പ് സഫലമായി. പുതിയൊരു യുഗത്തിന്റെ പ്രഭാതം അവർ നേരിൽ കണ്ടു. അവർ കാത്തിരുന്ന പരിശുദ്ധാത്മാവ് അവരെ തേടിയെത്തി. പരിശുദ്ധാത്മാവിന്റെ ലോകചരിത്രത്തിലെ ആഗമനമായിരുന്നു അത്. അന്ന് അഗ്നിനാവുകൾ അവർക്ക്പ്രത്യക്ഷമായി. പരിശുദ്ധാത്മാവ് അവരെ സന്ദർശിച്ചു. ആത്മാവിന്റെ സ്പർശനം അവർക്ക് അനുഭവമായി. അവർ ആത്മാവിൽ ശക്തരായി. ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ അവർ സംസാരിച്ചു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും യെരുശലേമിൽ വന്നു ചേർന്ന വിവിധ ഭാഷക്കാർ ചരിത്രത്തിലെ പരിശുദ്ധാത്മാവിന്റെ ആഗമനത്തിന് സാക്ഷികളായിത്തീർന്നു.

## ക്രൈസ്തവസഭയുടെ ജൻമദിനം - 2

പരിശുദ്ധാത്മാവിന്റെ ആഗമനംകൊണ്ട് ചരിത്രപ്രസിദ്ധമായിത്തീർന്ന എ.ഡി. 30–ലെ പെന്തെക്കോസ്തു നാളിലാണ് ക്രിസ്തുവിന്റെ സഭ അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായത്. ദൈവം സീനായ് മലയിൽ മോശേ വഴി ന്യായപ്രമാണം നൽകി നിയമപ്രകാരം യിസ്രായേൽ ജനത്തെ സ്വന്ത ജനമായി അംഗീകരിച്ചതിന്റെ സ്മരണ നിറഞ്ഞുനില്ക്കുന്ന പെന്തെക്കോസ്തുനാൾ ക്രൈസ്തവസഭയുടെ ജൻമ നാളായത് യാദൃശ്ചികമല്ല. അത് ദൈവത്തിന്റെ പദ്ധതിയാണ്. കൃപായുഗത്തിനായി, പരിശുദ്ധാത്മയുഗത്തിനായി ന്യായപ്രമാണകാലം വഴിമാറുകയായിരുന്നു അന്ന്. ക്രിസ്തു കാൽവറിയിൽ

ക്രൂശിക്കപ്പെട്ടപ്പോൾ ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി. യഥാർത്ഥത്തിൽ അന്ന് ന്യായപ്രമാണകാലത്തിനു തിരശ്ശീല വീഴുകയായിരുന്നു. ക്രിസ്തുവിലൂടെ കൃപയും സത്യവും യാഥാർത്ഥ്യമായി. പെന്തെക്കോസ്തുനാളിൽ കാത്തിരുന്നവരുടെ മേൽ അഗ്നിനാവുകൾ പോലെ പരിശുദ്ധത്മാവ് പകർന്ന് ആത്മാവിനാൽ നിറച്ചു. ക്രിസ്തുവിന്റെ അമ്മ മറിയയും സഹോദരന്മാരും ക്രിസ്തുവിൽ വിശ്വസിച്ച സ്ത്രീകളും ഉൾപ്പെടെ അന്നവിടെ പരിശുദ്ധാത്മാവിനായി കാത്തിരുന്നവർ, പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിന്റെ സഭയായി മാറി. ക്രൈസ്തവസഭ അന്ന് ചരിത്രത്തിൽ നിലവിൽ വന്നു.

സീനായ് മലയിൽ ദൈവം മോശേയ്ക്ക് ന്യായപ്രമാണം നൽകിയദിവസം താഴെ, ദൈവികവ്യവസ്ഥയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചവരിൽ മുവ്വായിരം പേർ അതിദാരുണമാം വിധം കൊല്ലപ്പെട്ടു. ന്യായപ്രമാണം ലഭിച്ച നാളിൽ അവർ ന്യായവിധിയുടെ വാളിന് ഇരയായി തീർന്നു. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു മരണഭീതിയിൽ കഴിഞ്ഞരുന്ന മൂവ്വായിരത്തോളം പേർ പെന്തെക്കോസ്തുനാളിൽ ക്രൈസ്തവസഭ രൂപംകൊണ്ട നാളിൽ, ആത്മനിറവിൽ പത്രോസും സഹപ്രവർത്തകരും ചേർന്നു ചെയ്ത സഭയുടെ ആദ്യത്തെ വിശദീകരണപ്രഭാഷണം കേട്ട്, യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച്, നിത്യജീവൻ പ്രാപിച്ച് (വീണ്ടും ജനിച്ച് / രക്ഷിക്കപ്പെട്ട്) സഭയോടു ചേർന്നു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അവിടെ ആരംഭിക്കുകയായിരുന്നു. യഹൂദൻമാരെയും യവനെരെയും വ്യത്യസ്തരായിക്കണ്ട തലമുറ യഹൂദൻമാരും യവനരും ഉൾപ്പെട്ട, അഭിഷിക്ത സമൂഹമായ ക്രൈസ്തവസഭയെ ദർശിക്കുകയായിരുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അന്ന് യെരുശലേമിലെത്തിയവർ ക്രൈസ്തവസഭയുടെ ആദ്യത്തെ പ്രഭാഷണംകേട്ട്, പുതിയ ആത്മീയത ഉൾക്കൊണ്ട് മടങ്ങിപ്പോയി. അവർ അവരുടെ നാടുകളിൽ യെരുശലേമിൽ കണ്ടതും കേട്ടതും വിശദീകരിച്ചു. യെരുശലേമിൽനിന്നു മടങ്ങിപ്പോയവരിൽ പലരും ക്രൈസ്തവികതയുടെ വക്താക്കളായി. തീർത്ഥാടനത്തിനും വ്യാപാരത്തിനും ഭരണപരവും രാഷ്ട്രീയവുമായ ആവശ്യത്തിനും യെരുശലേമിലെത്തിയവർ തിരിച്ചുപോകുന്നത് രക്ഷകനും കർത്താ

വുമായ ക്രിസ്തുവിനെ ഉൾക്കൊണ്ട് പുതിയൊരു ദർശനവുമായി, ദൗത്യവുമായിട്ടായി രുന്നു. അവരിലെ മാറ്റം തിരിച്ചറിഞ്ഞ നാട്ടുകാർ നിശ്ചയമായും അത്ഭുതപ്പെട്ടു.

യഹൂദൻമാരെയും റോമൻഭരണാധികാരികളെയും ഭയന്ന്, യെരുശലേമിൽ അട ച്ചിട്ട മാളികമുറിയിൽ കഴിഞ്ഞുകൂടിയ ആ ചെറുസംഘത്തെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. അവർ അവിടെ ഭയന്നു കഴിയേണ്ടവരല്ല. ക്രിസ്തു മരിച്ച് അടക്കപ്പെട്ട തോടെ അവിടുത്തെ മാർഗ്ഗം എന്നേക്കുമായി അടഞ്ഞ ഒരദ്ധ്യായമായി എന്നു വിധിച്ച വരുടെ അകകണ്ണു തുറക്കുവാൻ, അവരും ക്രിസ്തുവിന്റെ വഴി തിരിച്ചറിയുവാൻ ദൈവം ആ ചെറുസംഘത്തെ ഉപയോഗിക്കുകയാണ്. പരിശുത്ഥാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും. അതാണ് അവരെ ക്കുറിച്ചുള്ള പദ്ധതി. ഭൂമിയുടെ അറ്റത്തോളവും. യെരുശലേമിൽ നിന്നും സ്വന്തം നാടു കളിലേയ്ക്ക് മടങ്ങിപ്പോയവർ ആ മഹത്തായ പദ്ധതിക്ക് വഴിതീർക്കുകയായിരുന്നു.

## പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവിന്റെ ആഗമനത്തിലാണല്ലോ ക്രിസ്തുവിന്റെ സഭ രൂപംകൊണ്ട ത്. യതാർഥ സഭയോടൊപ്പം (റോമിലും (എ.ഡി. 313), ഇംഗ്ലണ്ടിലും (എ.ഡി. 1527) ആരംഭിച്ച സഭകളിൽ (?) അല്ല) എന്നും പരിശുദ്ധാത്മാവും ഉണ്ട്. കൃപായുഗം എന്നും സഭായുഗം എന്നും പരിശുദ്ധാത്മയുഗം എന്നും ചരിത്രത്തിൽ സഭയുടെ കാലഘട്ടത്തെ വിശേഷിപ്പക്കാറുണ്ട്. പരിശുദ്ധാത്മാവ് സഭയോടൊപ്പമുണ്ട് എന്നത് പ്രത്യേകം അറി ഞ്ഞിരിക്കേണ്ട സത്യമാണ്. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ വിശ്വാസികളെ ഓർമ്മ പ്പെടുത്തുക എന്നത് പരിശുദ്ധാത്മാവിന്റെ ദൗത്യമാണ്. പരിശുദ്ധാത്മാവ് ഓരോ വിശ ്വസിയേയും സകല സത്യത്തിലും വഴി നടത്തുന്നു.

പിഴ പറ്റുന്നിടത്ത് പരിശുദ്ധാത്മാവ് വ്യക്തമായി ഇടപെടും. സഭയെ നയിക്കുന്ന ഉപദേഷ്ടാവാണ് പരിശുദ്ധാത്മാവ്. വീണ്ടും ജനിച്ച ഓരോ വിശ്വാസിയേയും ധൈര്യ

പ്പെടുത്തുന്നതും ശക്തീകരിക്കുന്നതും ആശ്വസിപ്പിക്കുന്നതും നിലനിർത്തുന്നതും പരിശുദ്ധാത്മാവാണ്. വ്യക്തിയേയും സഭയേയും പരിശുദ്ധാത്മാവ് സംരക്ഷിക്കുന്നു. പരിശുദ്ധാത്മ ശക്തിയും പരിശുദ്ധാത്മ നിറവും ആത്മാവിന്റെ ഫലവും ഓരോ വിശ്വാസിയുടെയും അനുഭവമായിരിക്കണം.

ക്രിസ്തു സഭയെ ചേർക്കുവാൻ വീണ്ടും വരും എന്നത് സഭയുടെ പ്രതീക്ഷയാണ്. സഭ ക്രിസ്തുവിന്റെ മണവാട്ടിയും ക്രിസ്തു സഭയുടെ മണവാളനുമാണ്. ഇവിടെ ക്രിസ്തുവിനുവേണ്ടി നിർമ്മലകന്യകയായ മണവാട്ടിയെ ഒരുക്കുകയാണ് പരിശുദ്ധാത്മാവ്. ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിനെ അനുസരിക്കണം. സഭ പരിശുദ്ധാത്മാവിന്റെ ഉപദേശത്തിനും നേതൃത്വത്തിനും പൂർണ്ണമായി വിധേയപ്പെടണം. ചരിത്രത്തിൽ സഭയെ നയിക്കുന്നത് പരിശുദ്ധാത്മവാണ്.

## ഭൂമിയുടെ അറ്റത്തോളവും; സർവ്വലോക സ്വാധീനം

പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്നത് (അപ്പോ.പ്രവൃ. 1:8) മഹത്തായ ദൈവീക പദ്ധതിയാണ്. ക്രിസ്തുസംഭവം അരങ്ങേറിയത് ഭൂമിയുടെ അറ്റത്തോളവും എന്നത് മഹത്തായ ദൈവീക പദ്ധതിയാണ്. ക്രിസ്തുസംഭവം അരങ്ങേറിയത് ഭൂമിയുടെ മദ്ധ്യഭാഗത്തായിരുന്നു. ക്രിസ്തുവിന്റെ ക്രൂശീകരണം മാനവരാശിക്കു വേണ്ടിയുള്ള രക്ഷാകര പദ്ധതിയായിരുന്നു. അതിന്റെ വിളംബരം ഭൂമിയുടെ അറ്റത്തോളവും എത്തേണ്ടതാണ്. ക്രിസ്തുസംഭവം അരങ്ങേറിയ പ്രദേശം റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടതും വിവിധ രാഷ്ട്രങ്ങൾ റോമൻ കൈസറുടെ ഭരണാധികാരത്തിൻ കീഴിൽ വന്നതും ഈ ദൈവീക പദ്ധതി സാക്ഷാത്കരിക്കപ്പെടുന്നതിനുള്ള സാദ്ധ്യത ഉറപ്പാക്കി. ഏകഭരണവും റോമൻ സമാധാനവും ക്രിസ്തുവിന്റെ സുവിശേഷം ഭൂമിയുടെ അറ്റത്തോളവും എത്തുന്നതിന് അനുകൂല സാഹചര്യം ഒരുക്കി. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ദൈവം മുന്നമേ ചരിത്രത്തിൽ ഇടപെട്ടതുകൊണ്ടാണ് രാഷ്ട്രീയമായ ഈ സാഹചര്യം സംജാതമായത്.

ക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടി ലോകം കാതോർക്കുകയായിരുന്നു. പരി

ശുദ്ധാത്മാവിന്റെ ആഗമനത്തിനും അതേ തുടർന്ന് പതിനൊന്ന് അപ്പോസ്തലന്മാരോടുകൂടെ പത്രോസ് ചെയ്ത സഭയുടെ പ്രഥമ വിശദീകരണ പ്രഭാഷണത്തിനും സാക്ഷികളായി തീർന്ന ജനവിഭാഗങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വന്നുചേർന്നവരായിരുന്നു. യെരുശലേം ലോകത്തിന്റെ കണ്ണും കാതും ചെന്നെത്തുന്ന സ്ഥലമാണ്. മതപരമായും രാഷ്ട്രീയമായും സാംസ്ക്കാരികമായും വ്യാവസായികമായും വളരെ പ്രാധാന്യമുള്ള ഒരു സുപ്രധാനകേന്ദ്രം. അവിടെ പാർക്കുന്നവരും വന്നു പാർക്കുന്നവരും വിവിധ ലക്ഷ്യങ്ങളോടെ സന്ദർശകരായി എത്തിയവരും ഒരുപോലെ മഹത്തായ ആ സ്വർഗ്ഗീയ വിളംബരത്തിനു കാതോർത്തു.

ഏഷ്യാക്കാരും, മേദ്യരും, ഏലാമ്യരും, മെസൊപ്പൊത്തോമിയാക്കാരും, യഹൗദ്യയിൽനിന്ന്അന്യനാടുകളിൽകുടിയേറുയവരും കപ്പദോക്യക്കാരും,പൊന്തോസുകാരും പ്രുഗ്യക്കാരും മെഡിറ്ററേനിയൻതീരത്തുള്ള പംഫുല്യക്കാരും, കോപ്റ്റിക്ക് ഭാഷ സംസാരിച്ചിരുന്ന റോമിൽ നിന്നുള്ളവരും, മറ്റുവിഭാഗങ്ങളിൽനിന്നും സമീപകാലത്ത് യഹൂദമതത്തിൽ ചേർന്നവരും ക്രേത്ത ദ്വീപിൽ നിന്നുള്ളവരും അറേബ്യയിൽ നിന്നെത്തിയവരും അവരിൽ ഉൾപ്പെട്ടിരുന്നു(അപ്പോ.പ്രവൃ. 2:9–11). പെസഹാ പെരുന്നാളിലും പെന്തെക്കൊസ്തു പെരുന്നാളിലും പങ്കെടുക്കുന്നതിന് വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ നിരവധി യഹൂദന്മാരും അവരിൽ ഉണ്ടായിരുന്നു. എല്ലാവരും ക്രിസ്തുവിന്റെ രക്ഷാകരപദ്ധതി വിശദീകരിക്കുന്ന സുവിശേഷമാണ് അന്ന് കേട്ടത്. ക്രിസ്തുവിന്റെ സുവിശേഷ സന്ദേശം ഹൃദയത്തിൽ സംഗ്രഹിച്ച് ഓരോരുത്തരും അവരവരുടെ രാജ്യങ്ങളിൽ തിരിച്ചെത്തി. യെരുശലേമിൽ കണ്ടതും കേട്ടതുമായ ഈ വിശേഷങ്ങൾ അതാതിടങ്ങളിലെ ജനങ്ങളുമായി അവർ പങ്കുവച്ചു. തത്ഫലത്തിൽ അവരുടെ രാജ്യങ്ങളിൽ ക്രിസ്തുവിന്റെ അപ്പോസ്തലന്മാർ എത്തുന്നതിനുമുമ്പേ അവർ ക്രിസ്തു സന്ദേശത്തിന്റെ ആദ്യപ്രചാരകരാവുകമായിരുന്നു. അവരിൽ നല്ല പങ്ക് ആളുകളും ക്രിസ്തു വിശ്വാസികളായിട്ടാണ് സ്വന്തം നാട്ടിൽ തിരിച്ചെത്തിയത് (ക്രിസ്തുമതവിശ്വാസികളായിട്ടല്ല; ക്രിസ്തു മാർഗ്ഗ വിശ്വാസികളായി). പരിശുദ്ധാത്മശക്തി ലഭിച്ച അപ്പോസ്തലന്മാർ ഭൂമിയുടെ അറ്റത്തോളവും ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ നിയോഗിക്ക

പ്പെട്ടുകഴിഞ്ഞിരുന്നു.

## യെരുശലേം സഭ

ക്രിസ്തുവിന്റെ വാഗ്ദത്തപ്രകാരം, ദൈവിക പദ്ധതിയിലെ ക്രമം അനുസരിച്ച് യെരുശലേമിൽ തന്നെയാണ് അപ്പൊസ്തലന്മാർ ആദ്യം ക്രിസ്തുവിന് സാക്ഷികൾ ആയത്. പരിശുദ്ധാത്മാവിന്റെ ആഗമനവും സഭയുടെ രൂപീകരണവും സഭയുടെ പ്രഥമവിശദീകരണ പ്രഭാഷണവും നടന്നത് യെരുശലേമിലാണ്. അപ്പോസ്തലന്മാരുടെ പ്രവർത്തികൾ ആദ്യത്തെ ഏഴ്അദ്ധ്യായങ്ങൾ യെരുശലേം സഭയുടെ ചരിത്രം ക്രമമായും തുടർച്ചയായും വിശദീകരിക്കുന്നുണ്ട്. ക്രൈസ്തവസഭയുടെ ആദിമരൂപം ഇവിടെ കാണാം. സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ, ആചാരങ്ങൾ, ആരാധന, വ്യക്തിത്വം, ശൈലി, സാമൂഹിക സ്ഥിതി, സുവിശേഷീകരണം, കൂട്ടായ്മ തുടങ്ങി എല്ലാ കാര്യങ്ങളും യെരുശലേം സഭയാണ് വെളിപ്പെടുത്തുന്നത്. ആഗോള ക്രൈസ്തവ സമൂഹത്തിന് മാതൃകയാകേണ്ടത് യെരുശലേം സഭയാണ്. ക്രിസ്തുവിന്റെ അപ്പോസ്തലന്മാർ എല്ലാവരും യെരുശലേം സഭയിൽ പങ്കുള്ളവരാണ്. അവർ ഐക്യമായി നിന്നു. പ്രസംഗത്തിലും പ്രവർത്തനത്തിലും ഒന്നിച്ചു സഹകരിച്ചു. ആർക്കും പ്രത്യേകിച്ച് നേതൃത്വപരമായ അധികാരമോ പദവിയോ ഉണ്ടായിരുന്നില്ല.

അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു, അപ്പോസ്തലന്മാരോടു ചേർന്നു, അപ്പോസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു (അപ്പോ.പ്രവൃ. 2:43). അപ്പോസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞു വന്നു. വിറ്റു വിലകൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വയ്ക്കും(അപ്പോ.പ്രവൃ. 4:35) തുടങ്ങിയ അപ്പോസ്തലന്മാരുടെ പ്രവർത്തികളിലെ പ്രയോഗങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണ്. ക്രിസ്തുവിന്റെ നിയോഗവും പരിശുദ്ധാത്മ നിറവും ദൈവിക വെളിപ്പാടും ഉള്ള അപ്പോസ്തലന്മാർ യെരുശലേമിലെ ക്രൈസ്തവ സഭയ്ക്ക് ആത്മീയ നേതൃത്വം നല്കി. ദൈവജനമാണ് സഭ. യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി ഏറ്റുപറയുന്ന ഏതുവ്യക്തിയും ഉൾപ്പെടുന്നതാണ് സഭ. ജാതി, മത, വർഗ്ഗ, വർണ, വിഭാഗീയതകൾക്കതീതമാണ് സഭ. യാതൊരുവിധ വിവേചനങ്ങൾക്കും

അവിടെ സ്ഥാനമില്ല.

യഹൂദന്മാരോ യവനൻമാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ജാതിപരമായി യഹൂദന്മാരും യവനരും യോജിക്കാനാവാത്തതുപോലെ നിത്യ ശത്രുതയിൽ കഴിയുന്നവരാണ്. അവരെ തമ്മിൽ യോജിപ്പിക്കുവാൻ ഒരു ശരീരമാക്കുവാൻ പരിശുദ്ധാത്മാവിന് മാത്രമേ കഴിഞ്ഞുള്ളൂ. ആത്മസ്നാനത്തിന്റെ പ്രതൃക്ഷമായ അടയാളമാണത്. യഹൂദനും യവനനും ദാസനും സ്വതന്ത്രനും ഒരേ ആത്മാവിൽ സ്നാനമേറ്റും, ഒരേ ആത്മാവിനെ പാനം ചെയ്തും, അവർ ക്രിസ്തുവിൽ ഏകശരീരമായിത്തീർന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാ. 3:28). ആത്മസ്നാനത്താൽ ക്രിസ്തുവിൽ ഒരു ശരീരമായി തീർന്ന സമൂഹമാണ് സഭ.

നിങ്ങളോ അന്ധകാരത്തിൽനിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്ത ജനവുമാകുന്നു (1പത്രോസ്:2:9). സഭ അടിസ്ഥാനപരമായി രാജകീയ പുരോഗിതവർഗ്ഗമാണ്.

മോശൈക ന്യായപ്രമാണത്തിലധിഷ്ഠിതമായ പൗരോഹിത്യാധിപത്യം യഹൂദാമതത്തിലുണ്ടായിരുന്നു. ലേവ്യ, അഹരോന്യ പുരോഹിത (കൊഹെൻ) വ്യവസ്ഥിതി പ്രത്യേകം ശ്രദ്ധാർഹമാണ്.

യഹൂദരേതർക്കും പൗരോഹിത്യമുണ്ടായിരുന്നു. ഓനിലെ പുരോഹിതനായ പോത്തിഫേർ, ദാഗോന്റെ പുരോഹിതൻ, ബാലിന്റെ പുരോഹിതൻ എന്നിവർ ഉദാഹരണം. ഈ പുരോഹിതന്മാരെ സൂചിപ്പിക്കുന്നതും കൊഹെൻ എന്ന ഹീബ്രുപദം ഉപയോഗിച്ചാണ് ' നിൽക്കുക' എന്നർത്ഥം. ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നവൻ എന്ന ആശയത്തിലാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ബാബിലോണിയൻ പൗരോഹിത്യവും

ലോകപ്രസിദ്ധമായിരുന്നു. (ബാബിലോണിയ, റോമൻ, പേഗൺ പൗർോഹിത്യ, വ്യസ്ഥിതി ക്രിസ്തുമാർഗ്ഗത്തിൽക്കയറി എങ്ങനെ ക്രിസ്തുമതമായി അധ:പതിച്ചു എന്ന് പിന്നാലെ വിശദീകരിക്കാം) മതത്തിന്റെ ഭാഗമായി പൗരോഹിത്യം നിലനിറുത്തിയ സംസ്ക്കാരങ്ങൾ വേറെയുമുണ്ട്.

എന്നാൽ, ക്രൈസ്തവസഭയ്ക്ക് യാതൊരുവിധ പൗരോഹിത്യാധിപത്യവും ഉണ്ടായിരുന്നില്ല. ക്രൈസ്തവസഭയിൽ പുരോഹിതന്മാരും പുരോഹിതന്മാരല്ലാത്തവരും എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല. ക്രൈസ്തവസഭ രാജകീയ പുരോഹിതവർഗ്ഗമാണ് (Royal Priesthood). അഭിഷിക്ത സമൂഹമാണ്. ഈ രാജകീയ പുരോഹിതവർഗ്ഗത്തിന് മോശൈകിക ന്യായപ്രമാണത്തിലധിഷ്ഠിതമായ പൗരോഹിത്യവ്യവസ്ഥിതിയുമായോ, പേഗൺ (ബാബിലോനിയൻ, റോമൻ) പൗരോഹിത്യ സമ്പ്രദായവുമായോ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. സഭ അടിസ്ഥാനപരമായി രാജകീയ പുരോഹിത വർഗ്ഗമാണ്, ഒരു ശരീരം എന്നപോലെ ഏകമാണ്.

## റോമിലെ സഭ

ലോകത്തിന്റെ റാണി എന്നു വിശേഷിക്കപ്പെട്ട റോം അതിപുരാതന നഗരമാണ്. റേമൂസ്, റോമുളൂസ് എന്നീ സഹോദരന്മാരാണത്രെ റോമാ നഗരം സ്ഥാപിച്ചത് (ബി. സി. 735). ഏഴു കുന്നുകളുടെ നഗരമായി റോം അറിയപ്പെ ടുന്നു. ജൂപ്പിറ്റർ, മിനർവ്വ, അപ്പോളോ, തുടങ്ങി നിരവധി ദേവ സങ്കല്പങ്ങൾ റോമൻ ജനതയ്ക്കുണ്ട്. റോമൻ സൂചിപ്പിച്ചിട്ടുമുണ്ട്. പത്രോസും പൗലോസും റോമിൽ സഭ സ്ഥാപിച്ചിട്ടില്ല എന്ന് തെളിവുകൾ വ്യക്തമാക്കുന്നു. പിന്നെ എങ്ങനെയാണ് റോമിൽ സഭ രൂപംകൊണ്ടത്?

എ.ഡി. 30–ൽ യെരുശലേമിലെ പെന്തെക്കൊസ്തുനാളിലെ പരിശുദ്ധാത്മ ആഗമനത്തിന് സാക്ഷ്യം വഹിച്ചവരിൽ റോമിൽനിന്നും വന്നവരും ഉണ്ടായിരുന്നു. അവർ ക്രിസ്തു ദർശനം ഉൾക്കൊണ്ട് റോമിൽ തിരിച്ചെത്തി മഹത്തായ സാക്ഷ്യം നിർവ്വഹിച്ചതിലൂടെ റോമിൽ ഒരു സഭ രൂപംകൊണ്ടു. റോമർക്കെഴുതിയ ലേഖനത്തിൽ, പതിനാറാം അദ്ധ്യായത്തിൽ റോമിലെ സഭയിലുള്ള പല വ്യക്തികളെക്കുറിച്ച് പൗലോസ് പരാമർശിച്ചിട്ടുണ്ട്. അവരിൽ ചിലർ പൗലോസിനുമുമ്പേ ക്രിസ്തുവിശ്വാസികളായവ

രാണ്. ഒരു കാലത്ത് റോമിലേക്ക് കുടിയേറിയവരിൽ പൗലോസിന്റെ പ്രവർത്തനഫല മായി ക്രിസ്തുവിശ്വാസം സ്വീകരിച്ചവരിൽ ചിലരും ഉൾപ്പെട്ടിരുന്നു. ഇവർ പ്രധാന മായും അന്ത്യോക്യാ, എഫേസോസ്, കൊരിന്ത് എന്നിവിടങ്ങളിൽനിന്നുള്ള വിശ്വാസി കളാകാം. ഇവരും റോമിലെ സഭയുടെ വളർച്ചയ്ക്ക് സഹായ കമായിട്ടുണ്ട്. **ഒരു കാര്യം വ്യക്തമാണ്, പത്രോസോ പൗലോസോ റോമിൽ എത്തി പ്രവർത്തിച്ചതിന്റെ ഫലമായിട്ടല്ല റോമിൽ സഭ ഉണ്ടായത്.**(എ.ഡി. 313 ൽ ഉണ്ടായ റോമൻ കത്തോലിക്ക സഭയും; ലേഖനങ്ങളിൽ പരിശുദ്ധാത്മാവ് മുദ്രണം ചെയ്തിരിക്കുന്ന റോമാസഭയും ഒന്നല്ല).

## ക്രൈസ്തവസഭ അപ്പൊസ്തലിക (ശ്ലൈഹികം)മാണ്

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യൻമാരെയാണ് അപ്പൊസ്തലന്മാർ എന്ന പദം കൊണ്ട് അടിസ്ഥാനപരമായി ഉദ്ദേശിക്കുന്നത്. അനന്തരം അവൻ തന്റെ പന്ത്രണ്ട് ശിഷ്യൻമാരെയും അടുക്കൽ വിളിച്ചു. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്ക് അധികാരം കൊടുത്തു. പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പോവിത്, ഒന്നാമൻ പത്രോസ് എന്നു പേരുള്ള ശിമോൻ, അവന്റെ സഹോദരൻ അന്ത്രെയാസ്, സെബദിയുടെ മകൻ യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ, ഫിലിപ്പോസ്, ബർത്തൊലൊമായി, തോമാസ്, ചുങ്കക്കാരൻ മത്തായി, അല്ഫായുടെ മകൻ യാക്കോബ്, തദ്ദായി, ശീമോൻ, യേശുവിനെ കാണിച്ചുകൊടുത്ത ഈസ്ക്കാര്യോത്ത യൂദ.

മത്തായിയുടെ സുവിശേഷത്തിലെ ഈ ഭാഗം ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരെക്കുറിച്ചും അവരുടെ നിയമനത്തെക്കുറിച്ചും വിശദീകരിക്കുന്നു. നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ എന്ന് ക്രിസ്തു അവരോടു പറഞ്ഞു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞത് ശ്രദ്ധിക്കുക, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്ക

വണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ, ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്.

മർക്കോസിന്റെ സുവിശേഷത്തിലെ ഒരു വിശദീകരണം ശ്രദ്ധിക്കുക. പിന്നെ അവൻ മലയിൽ കയറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു. അവർ അവന്റെ അരികെ വന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു. യേശുക്രിസ്തു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നുവെന്നാണ് പൗലോസ് എഴുതിയത്. ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും ചെയ്തു എന്ന് പൗലോസ് വ്യക്തമാക്കിയിട്ടുണ്ട്. ആദിമ ക്രൈസ്തവസഭയുടെ അപ്പോസ്തലിക (ശ്ലൈഹിക) അടിത്തറയാണ് ഇവിടെ സ്ഥിതീകരിക്കപ്പെടുക. സഭ അപ്പോസ്തലികം എന്നു പറയുമ്പോൾ സഭയുടെ ഈ അടിത്തറയാണ് അടിസ്ഥാനപരമായി പരിഗണിക്കപ്പെടുക.

ഗ്രീക്കിൽ അപ്പൊസ്റ്റലൊസ് എന്ന പദമാണ് അപ്പൊസ്തലൻ എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. അയയ്ക്കപ്പെട്ടവൻ എന്നാണർത്ഥം. ക്രിസ്തു തന്റെ ശിഷ്യന്മാരെ അയച്ചു. ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് മഹാനിയോഗം നല്കി. പ്രസംഗിക്കുവാൻ അവിടുന്ന് അവരെ അധികാരപ്പെടുത്തി. ക്രിസ്തു പഠിപ്പിച്ചത് മറ്റുള്ളവരെ പഠിപ്പിച്ച് ശിഷ്യരാക്കുവാനും അവരെ സ്നാനപ്പെടുത്തുവാനും അപ്പൊസ്തലന്മാർക്ക് അധികാരം ലഭിച്ചു. ഈ അപ്പൊസ്തലിക നേതൃത്വവുമാണ് ക്രൈസ്തവ സഭയ്ക്കുള്ളത്. ക്രൈസ്തവസഭ ഈ അപ്പൊസ്തലികത്വമാണ് നിലനിർത്തേണ്ടത്.

അപ്പൊസ്തലിക പ്രബോധനങ്ങൾ അപ്പൊസ്തലൻമാർ സഭയ്ക്ക് എഴുതിയ ലേഖനങ്ങളാണ്. ഇവ ബൈബിളിൽ പുതിയ നിയമത്തിൽ കാണാം. അപ്പൊസ്തലികത്വം അവകാശപ്പെടുന്ന സഭയ്ക്ക്, ബൈബിൾ പുതിയനിയ മത്തിലെ ലേഖനങ്ങൾക്കുപുറമേയുള്ള യാതൊരു പ്രബോധനങ്ങളും, കല്പനകളും തീരുമാനങ്ങളും അപ്പൊസ്തലിക പ്രബോധനങ്ങൾക്ക് തുല്യമായോ, പകരമായോ പരിഗണിക്കാനാവില്ല. പൗലോസ്

എഴുതുന്നു: ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻപറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നേയും പറയുന്നു; നിങ്ങൾ കൈകൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. സഹോദരരെ, ഞാൻ അറിയിച്ച സുവിശേഷം മാനുഷ്യമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിപ്പിച്ചിട്ടുമില്ല. യേശുക്രിസ്തുവിന്റെ സഭ എവിടെയും കാലവും അനുസരിക്കേണ്ടത്. ഇതിൽ നിന്നും വ്യത്യസ്തമായ പ്രധോനമോ പ്രവർത്തന ശൈലിയോ ശുശ്രൂഷ രൂപങ്ങളോ സഭയ്ക്ക് സ്വീകരിക്കാനാവില്ല.

ആദിമ ക്രൈസ്തവസഭയുടെ വ്യക്തിത്വവും സന്ദേശവും ശൈലിയും സമീപനവും പ്രവർത്തനവും ശുശ്രൂഷയും ആരാധനയുമാണ് അപ്പൊസ്തലികത്വത്തിന്റെ സവിശേഷത. സവിശേഷമായ ഈ അപ്പൊസ്തലിക പൈതൃകമാണ്, പാരമ്പര്യമാണ് സഭ പിൻതുടരേണ്ടത്. ഇതിൽ നിന്നും വ്യതിചലിക്കുമ്പോൾ അപ്പോസ്തലികത്വം നഷ്ടപ്പെടുകയും തത്വത്തിൽ മറ്റൊന്നായി മാറുകയുമാണ്.

## എ.ഡി. 45-95 സുവിശേഷവും ഇതര പുതിയനിയമഗ്രന്ഥങ്ങളും

എ.ഡി. 45-നും 95-നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണ് സുവിശേഷങ്ങളും ഇതര പുതിയനിയമഗ്രന്ഥങ്ങളും രചിച്ചത്. പരിശുദ്ധാത്മാവ് അതാതവസരം പ്രബോധനങ്ങൾ നല്കി സഭയെ ഉപദേശ സത്യത്തിൽ നയിക്കുന്നു.

**നാട്ടറിവുകളോ, ഐതീഹ്യങ്ങളോ, പുരാണങ്ങളോ അല്ല സഭയ്ക്ക് ഉപദേശമായിരിക്കുന്നത്. സകലസത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ് വെളിപ്പാടുകളിലൂടെ സഭയെ പ്രബോധിപ്പിച്ച് നയിക്കുകയായിരുന്നു.**

**തിരുവെഴുത്തുകളുടെ ലിഖിതരൂപം ലഭിക്കുന്നതിനുമുമ്പ്** അന്യഭാഷ, പ്രവചനം, വ്യാഖ്യാനം, വെളിപ്പാട്, പ്രബോധനം എന്നീ മാദ്ധ്യമങ്ങളിലൂടെ പരിശുദ്ധാത്മാവ് വിശ്വാസിയോടും സഭയോടും സംസാരിച്ചുകൊണ്ടിരുന്നു. പരിശുദ്ധാത്മാവ് വിവിധ കൃപാവരങ്ങൾ വിശ്വാസികൾക്ക് നല്കിയിട്ടുണ്ട്. ആശയാവിഷ്ക്കരണത്തിന് പ്രധാനമായും ഈ കൃപാവരങ്ങളെ പരിശുദ്ധാത്മാവ് ഉപയോഗിച്ചു. സഭാ പരിപാലനത്തിനും കൃപാവരങ്ങൾ ആവശ്യമാണ്. തിരുവെഴുത്തുകൾ രേഖയാക്കുന്നതിനു പരിശുദ്ധാത്മാവ് ചിലർക്ക് പ്രത്യേകം നിയോഗം നല്കി. അവരെ അതിനായി അഭിഷേകം ചെയ്തു. ദൈവം ദൂതുകൾ നല്കി അവരെക്കൊണ്ട് അവരുടെ ഭാഷയിൽ എഴുതിക്കുകയായിരുന്നു. ദൈവിക വെളിപ്പാടുകളുടെ അക്ഷരരൂപമാണ് തിരുവെഴുത്തുകൾ. ഇവ ദൈവ നിശ്വാസീയവും പൂർണ്ണവുമാണ്. മതഗ്രന്ഥങ്ങളോ പുരാണ കൃതികളോ ഇതിഹാസ രചനകളോ തിരുവെഴുത്തുകൾക്കു തുല്യമോ പകരമോ അനുബന്ധമോ അല്ല. അവയിൽനിന്നെല്ലാം തിരുവെഴുത്തുകൾ വ്യത്യസ്തമാണ്.

പുതിയനിയമത്തിൽ ആകെ 27 കൃതികളുണ്ട്. ഇവയിൽ നാലു സുവിശേഷങ്ങളും ഒരു സഭാചരിത്രവും 21 ലേഖനങ്ങളും അവസാനം ഒരു പ്രവചന ഗ്രന്ഥവും ഉൾപ്പെടുന്നു. ലേഖനങ്ങളിൽ പൗലോസിന്റെ 14 ലേഖനങ്ങൾ ഉണ്ട്. ഇവയിൽ പത്തെണ്ണം സഭകൾക്കും നാലെണ്ണം വ്യക്തികൾക്കും എഴുതിയിരിക്കുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ എഫേസ്യർ, ഫിലിപ്യർ, കൊലോസ്യർ, ഫിലേമോൻ എന്നിവ കാരാഗൃഹ ലേഖനങ്ങളായി അറിയപ്പെടുന്നു. ഒന്ന്, രണ്ട് തെസ്സെലോനിക്യാ ലേഖനങ്ങൾ യുഗാന്ത്യശാസ്ത്രപരമാണ്. ഒന്ന്, രണ്ട് തിമൊഥെയൊസ്, തീത്തോസ് എന്നീ ലേഖനങ്ങൾ ഇടയലേഖന (Pastoral Epistles) ങ്ങളാണ്. യാക്കോബ്, പത്രോസ്, യോഹന്നാൻ, യൂദ എന്നിവർ എഴുതിയ ലേഖനങ്ങളെ സാർവ്വത്രികലേഖനങ്ങൾ (പൊതുലേഖനങ്ങൾ, Catholic Epistles) എന്നു പറയും. പുതിയനിയമത്തിലെ പ്രവചനഗ്രന്ഥമാണ്, ബൈബിളിലെ ഉപസംഹാര കൃതിയായ വെളിപ്പാട് പുസ്തകം. ഇതു ഭാവികാല ശാസ്ത്രമാണ്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവയാണ് നാലു സുവിശേ

ഷങ്ങൾ. ഇവയിൽ മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവ സമാന്തര സുവിശേഷങ്ങൾ (Synoptic Gospels) എന്നറിയപ്പെടുന്നു. ഇവയ്ക്കു തമ്മിൽ ശ്രദ്ധേയമായ സാദൃശ്യം ഉണ്ടെന്നാണ് അതിന്റെ കാരണം. സുവിശേഷങ്ങൾ യേശുക്രിസ്തുവിന്റെ ആധികാരിക ജീവചരിത്ര കൃതികളാണ്. പുതിയനിയമ ഗ്രന്ഥങ്ങളുടെ രചയിതാവ്, രചനാകാലം തുടങ്ങിയ വിശദീകരണങ്ങൾ താഴെ ചേർക്കുന്നു.

## ക്രിസ്തുവിന്റെ ശരീരം

ക്രിസ്തുവിന്റെ ഭൗതിക ശരീര (Mystical body) മാണ് സഭ. പൗലോസ് വേദശാസ്ത്രപരമായി വളരെ പ്രാധ്യാന്യത്തോടെ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. പില്ക്കാലത്ത് ഇതു സംബന്ധിച്ച് ധാരാളം പഠനങ്ങളും ഉണ്ടായിട്ടുണ്ട്. ക്രിസ്തു തന്റെ ശരീരയാഗത്താലാണ് മാനവരാശിയെ വീണ്ടെടുത്തത്. അവിടുന്ന് ശരീരത്തിൽ കഷ്ടം സഹിച്ചു. രക്തം ചൊരിഞ്ഞു. രക്ഷാകരദൗത്യം പൂർത്തിയാക്കി. അതുവഴി വീണ്ടെടുക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ ഭൗതികശരീരമായി മാറുന്നു. ക്രിസ്തുവിന്റെ അദൃശ്യമായ സാന്നിദ്ധ്യവും ശക്തമായ കർത്തൃത്വവും സഭയോടൊപ്പമുണ്ട് എന്ന മഹത്തായ സത്യം ഇവിടെ വ്യക്തമാകുന്നു.

ഒപ്പം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന ഓരോ വിശ്വാസിയും ഒരു ശരീരത്തിലെ അവയവങ്ങൾ എന്നപോലെ പരസ്പരം യോജിക്കുകയും സഹകരിക്കുകയും ചെയ്യുന്നു എന്ന വസ്തുതയും ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ജാതി, മത, വർഗ്ഗ, പരിഗണനകൾക്കതീതമായി പരിശുദ്ധാത്മാവിലൂടെ ഏവരും ക്രിസ്തുവിൽ ഒന്നാകുന്നു. പാരമ്പര്യവും, കുടുംബ ശ്രേഷ്ഠതയും ലോകസ്വാധീനവും ലോകജ്ഞാനവും ഇവിടെ വിഷയമാകുന്നില്ല. സമ്പത്തിന്റെയോ സംസ്ക്കാരത്തിന്റെയോ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഇവിടെ ഇല്ല. ഉള്ളവനും ഇല്ലാത്തവനും എന്ന വേർതിരിവില്ല. യാതൊരുവിധ വിഭാഗീയതയുമില്ല.

തുല്യതയുടെയും സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും സംഗമസ്ഥാനമാവുകയാണ് ക്രിസ്തുവിന്റെ ശരീരമായ സഭ. അവന്റെ ശരീരമായ സഭ എന്നാണ് പൗലോസ് രേഖപ്പെടുത്തിയിട്ടുള്ളത്. അവൻ സഭ എന്ന ശരീരത്തിന്റെ തലയും എന്ന

പൗലോസിന്റെ പ്രസ്താവനയും ശ്രദ്ധേയമാണ്. ഈ വേദപ്രസ്താവനകൾ ചേർത്തു വച്ചു വായിക്കുമ്പോൾ ഒരാത്മീയ മനസ്സിൽ തെളിഞ്ഞുവരുന്ന അത്യാകർഷകമായ ഒരു ചിത്രമുണ്ട്. സഭ ക്രിസ്തുവിന്റെ ശരീരം; ക്രിസ്തു സഭയുടെ ശിരസ്സ്! തലയായവ നിൽനിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു.

ഒരു ക്രിസ്തുവിശ്വാസി ക്രിസ്തുവിന്റെ ശരീരത്തിലെ ഒരു അവയവമാണെന്നുള്ള ബോധം എത്ര സമുന്നതമാണ്. ഇത് അഭിമാനം പകരുന്ന വിചാരമാണ്. ഒപ്പം ആ ശരീരത്തിന് ഇണങ്ങേണ്ടതാണീ അവയവം എന്ന ചുമതലാ ബോധവും ഉണ്ടാകുന്നു. ആ അവയവത്തിനുപോലും ക്രിസ്തുവിനെ വെളിപ്പെടുത്തുവാനുള്ള ആത്മീയ ത്രാണി ഉണ്ടാകേണ്ടതാണ്. അത്രയ്ക്ക് ക്രിസ്തുവുമായി ആ അവയവം സജീവമായി ബന്ധം പുലർത്തേണ്ടതുണ്ട്. പാപ സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കു ന്നത് എങ്ങനെ? അല്ല, യേശു ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?

അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവ നോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴു ന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നെ. അവന്റെ മര ണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃ ശ്യത്തോടും ഏകീഭവിക്കും. ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന് ന്യായപ്രമാണ ത്താൽ ന്യായപ്രമാണ സംബന്ധമായി മരിച്ചു. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശി ക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെ ത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്.

എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശം സിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്ക

പ്പെട്ടിരിക്കുന്നു. പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം. ഈ വാക്കുകളിലൂടെ സംസാരിക്കുന്നത് പൗലോസിന്റെ ജീവിതമാണ്. പൗലോസ് ക്രൈസ്ത വികതയുടെ ശക്തനായ പ്രബോധകനാണ്. ആ വാക്കുകൾക്കൊപ്പം അദ്ദേഹത്തിന്റെ ജീവിതവും നിൽക്കുന്നു. അല്പം കൂടെ വ്യക്തമാക്കിയാൽ ആ പ്രബോധനത്തിന് അടിവരയിടുകയാണ് ആ ജീവിതവും. ക്രിസ്തുവിനോട് അത്ര കണ്ട് സാദൃശ്യപ്പെടു വാൻ കഴിയുന്ന ഒരു ക്രിസ്തുവിശ്വാസി നിശ്ചയമായും ക്രിസ്തുവിന്റെ സഭയാകുന്ന ശരീരത്തിന് ഇണങ്ങുന്ന ഒരു അവയവമായിത്തീരും.

ശരീരത്തിൽ ഓരോ അവയവങ്ങൾക്കും തുല്യ പ്രാധാന്യമാണു ള്ളത്. അവിടെ ഒരവയവവും അവഗണിക്കപ്പെടുന്നില്ല. ഓരോന്നിനും അതതിന്റെ മാന്യതയുണ്ട്. അവയവങ്ങൾ ഓരോന്നിനും ശരീരം എന്ന ഘടനയിൽ പരസ്പരം യോജി ച്ചിരിക്കുന്നു, സഹകരിക്കുന്നു. ക്രിസ്തുവിന്റെ ശരീ രമാകുന്ന സഭയിൽ ഓരോ വിശ്വാ സിയും പ്രാധാന്യമുള്ളവരാണ്. അവർ പരസ്പരം സഹകരിക്കേണ്ടവരും അന്യോന്യം കരുതേണ്ടവരുമാണ്. സഭയിൽ ഓരോ വിശ്വാസിയുടെയും പങ്കാളിത്തത്തെക്കുറിച്ച് പൗലോസ് വിശദീകരിച്ചിട്ടുണ്ട്.

ശരീരം ഒന്നും അതിന് അവയവം പലതും. ശരീരത്തിന്റെ അവയവം പലതായി രിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. യഹൂ ദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രൻമാരോ നാം എല്ലാവരും ഏകശരീരമാ കുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ശരീരം ഒരു അവയവമല്ല, പലതത്രേ. ഞാൻ കൈ അല്ലായ്ക കൊണ്ട് ശരീരത്തിലുള്ളതല്ലെന്ന് കാൽ പറയുന്നുവെങ്കിൽ അതിനാൽ അത് ശരീരത്തി ലുള്ളതല്ല എന്ന് വരികയില്ല. ഞാൻ കണ്ണ് അല്ലായ്കകൊണ്ട് ശരീരത്തിലുള്ളതല്ലെന്ന് ചെവി പറയുന്നുവെങ്കിൽ അതിനാൽ അത് ശരീരത്തിലുള്ളതല്ല എന്നും വരികയില്ല.

ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണമായാൽ ഘ്രാണം എവിടെ? ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറയായി വച്ചിരിക്കുന്നു. സകലതും ഒരു അവയവമെങ്കിൽ ശരീരം എവിടെ? എന്നാൽ അവയവ

ങ്ങൾ പലതെങ്കിലും ശരീരം ഒന്നുതന്നെ. കണ്ണിന് കയ്യോട്: നിന്നെകൊണ്ട് എനിക്ക് ആവശ്യമില്ല എന്നും തലയ്ക്ക് കൈകളോട് നിങ്ങളേക്കൊണ്ട് എനിക്ക് ആവശ്യമില്ലാ എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നുതോന്നുന്ന അവയവങ്ങൾ തന്നെ ആവശ്യമുള്ളവയാകുന്നു. ശരീരത്തിൽ മാനം കുറഞ്ഞവയെന്നു തോന്നുന്നവയ്ക്ക് നാം അധികം മാനം അണിയിക്കുന്നു. നമ്മിൽ അഴകുകുറഞ്ഞവയ്ക്ക് അധികം അഴക് വരുത്തുന്നു. നമ്മിൽ അഴകുള്ളവയ്ക്ക് അത് ആവശ്യമില്ലല്ലോ. ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതി നാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നുവെങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ നിന്നും ഒരു അവയവത്തെ മുറിച്ചുമാറ്റുകയോ കുറേ അവയവങ്ങൾ പ്രത്യേകം സംഘടിച്ചു വേറിട്ടു നില്ക്കുകയോ ചെയ്താൽ ആ ശരീരം വൈകല്യമുള്ളതും ദുർബലവുമാകും. ശരീരത്തിനു ചേർന്ന പ്രവൃത്തി അല്ല അത്. ക്രിസ്തുവിന്റെ സഭ ഒരിക്കലും വിഭജിക്കപ്പെടുവാൻ പാടില്ല. സഭ ഏകമാണ്. സഭ ഏകമായിരിക്കുന്നതു പോലെ വിശ്വാസികളുടെ ഐക്യവും സുപ്രധാനമാണ്. യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ എന്നാണ് പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത്.

## വീണ്ടും ജനനം

ഒരു വ്യക്തി യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയുമ്പോൾ വാസ്തവത്തിൽ സംഭവിക്കുക ആ വ്യക്തിയുടെ വീണ്ടും ജനനമാണ്. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിങ്ങളോട് പറകയാൽ ആശ്ചര്യപ്പെടരുത് എന്ന് ക്രിസ്തു പറഞ്ഞു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുക

യില്ല എന്ന ക്രിസ്തുവചനം വീണ്ടും ജനനാനുഭവത്തിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നു. 1. പാപവും മരണവും നിഴൽവീശിയ സ്ഥാനത്ത് നിത്യജീവനിലേക്കുള്ള പുരോഗതിയാണ് വീണ്ടും ജനനത്തിലൂടെ അനുഭവമാക്കുക. ജഡത്തിൽ കഴുയുന്നുവെങ്കിലും ആത്മസ്വഭാവം പ്രാപിക്കുന്നു.

2. ആത്മീയമായ ചിന്ത സ്വന്തമാകുന്നു. ജഢിക ഇച്ഛകൾക്കും ശീല ങ്ങൾക്കും പരിചയങ്ങൾക്കും എതിരെ പൊരുതുവാനുള്ള ആത്മീയ ആവേശവും കരുത്തും ലഭ്യമാകുന്നു. ചിന്തയും പ്രവൃത്തിയും ശീലവും സ്വഭാവവും പെരുമാറ്റവും ആത്മീയമാകുകയും ഒരു ആത്മീയ വ്യക്തിത്വം രൂപപ്പെടുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥ ക്രിസ്തുവിശ്വാസിയുടെ തത്വം. ആത്മാവിനെ പ്രാപിച്ചതോടെ 3. പുത്രത്വത്തിന്റെ സ്വാതന്ത്ര്യവും പ്രാഗത്ഭ്യവും കൂട്ടായ്മയും ദൈവവുമായി ഉണ്ടാകുന്നു. ശക്തമായ ഈ ആത്മീയ അതുഭവം തിൻമയ്ക്കും പാപത്തിനും എതിരേയുള്ള ഒരു പ്രതിരോധശക്തിയായി മാറുകയാണ്. യേശുവിനെ കർത്താവ് എന്ന് ഒരു വ്യക്തി ഏറ്റുപറയുമ്പോൾ വാസ്തവത്തിൽ അവനിൽ ഒരു 4. ആത്മീയശസ്ത്രക്രിയ തന്നെയാണ് നടക്കുന്നത്. ഒരു ആന്തരികനവീകരണം, വിപ്ലവാത്മകമായ പരിവർത്തനം, സമഗ്രമായ രൂപാന്തരം അതാണ് വ്യക്തിയിൽ സംഭവിക്കുന്നത്. അവിടെ ഒരു ആത്മീയ ജീവൻ ശക്തിപ്പെടുന്നു. യഥാർത്ഥത്തിൽ ആ വ്യക്തിയിൽ സ്വന്തം പ്രകൃതിക്കും സ്വഭാവത്തിനും വ്യത്യസ്തമായി ക്രിസ്തു ഉരുവാകുകയാണ്. ജഢത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമുള്ളതു പ്രവൃത്തിക്കുന്ന, പാരമ്പര്യമനുസരിച്ച് കൈവന്ന ശീലങ്ങൾക്കും സ്വഭാവങ്ങൾക്കും അടിമപ്പെട്ടു കഴിയുന്ന, വ്യക്തിയിൽ ക്രിസ്തു ഉരുവാകുമ്പോൾ വ്യക്തിയിൽ സംഭവിക്കുന്ന വ്യതിയാനം അവർണ്ണനീയം തന്നെ.

5. ക്രിസ്തുവിന്റെ സമീപനവും ക്രിസ്തുവിന്റെ ഭാവവും ക്രിസ്തുവിന്റെ ശൈലിയും വ്യക്തിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളായി മാറുകയാണ്. ഒരു വ്യക്തിയിലേക്കു പകരുന്ന ദൈകൃപയുടെ അനന്തസാദ്ധ്യതകളാണ് നാം ഇവിടെ ദർശിക്കുക. ഈ മാറ്റത്തിന് അടിസ്ഥാനകാരണമായ വിശ്വാസവും ഏറ്റുപറച്ചിലും എങ്ങനെ നിസ്സാരമാകും? ക്രിസ്തുവിനെ യഥാർത്ഥത്തിൽ ഉൾക്കൊണ്ട ഈ വ്യക്തി സമൂഹത്തിൽ

മൂല്യങ്ങളുടെ പേരിൽ സമുന്നതനും വ്യത്യസ്തനുമാവുകയാണ്. എതിരറ്റ വ്യക്തിത്വത്തിന്റെ ഉടമയാവുകയാണ്. അധാർമ്മികതയ്ക്കും അസൻമാർഗ്ഗികതയ്ക്കും സാമൂഹികതിൻമകൾക്കും ഇരുളിന്റെ ശക്തിക്കും എതിരെ ഒരു ധാർമ്മിക ശക്തിയായി തീരുകയാണ്. ജീവിതമൂല്യങ്ങളുടെ വക്താവും സംരക്ഷകനുമായി ആ വ്യക്തി മാറുകയാണ്.

ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നുവെന്നാണ് അത്ഭുതകരമായ ഈ രൂപാന്തരത്തെപ്പറ്റി പൗലോസ് സാക്ഷിച്ചത്. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. വീണ്ടും ജനനത്തിന്റെ വിപ്ലാവാത്കമായ ഈ അനുഭവം പുതിയൊരു മാനവികതയുടെ ശംഖനാദം മുഴക്കുകയാണ്. വീണ്ടും ജനനാനുഭവം ഉള്ളവരിൽ പ്രകടമാകുന്ന ഈ മാറ്റം സമൂഹം ശ്രദ്ധിക്കും. സമൂഹത്തെ അത് ആഴത്തിൽ സ്വാധീനിക്കും. യുക്തിരഹിതവും അർത്ഥശൂന്യവുമായ മതാചാരങ്ങളിലും മതാനുഷ്ഠാനങ്ങളിലും അതൃപ്തരായ, അസ്വസ്ഥരായ ലോകജനത ആത്മീയമായ ക്രൈസ്തവികതയിലാണ്.

ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുന്ന യഥാർത്ഥ ക്രൈസ്തവികതയുടെ വക്താക്കൾക്കു മാത്രമേ സമൂഹത്തിന് ആത്മീയതയുടെ പുതിയ ഭൂമിയും പുതിയ ആകാശവും ചൂണ്ടിക്കാണിക്കാനാവൂ. വിശ്വാസത്തിന്റെയും ഏറ്റുപറച്ചിലിന്റെയും അടിത്തറയിൽ ഉയർന്നു നിൽക്കുന്ന പ്രകാശഗോപുരാണ് സമൂഹത്തിൽ ഒരു യഥാർത്ഥ ക്രിസ്തുവിശ്വാസി. ഇത്തരം ക്രിസ്തുവിശ്വസികളുടെ സമൂഹമാണ് എക്ലേസിയാ അഥവാ സഭ.

## യേശുവിന്റെ കർത്തൃത്വം

യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുമ്പോൾ മറ്റൊരു സംഭവം കൂടെ നടക്കുകയാണ്, ആ വ്യക്തി തന്റെ ജീവിതത്തിന്റെ കർത്തൃത്വം ക്രിസ്തുവിനു കൈമാറുകയാണ്. ഒരാത്മീയ പ്രമാണത്തിനും നേതൃത്വത്തിനും ആ വ്യക്തി വിധേയത്വമുള്ളവനായി മാറുന്നു. ക്രിസ്തുവിന്റെ നുകം ഏൽക്കുകയാണദ്ദേഹം. ക്രിസ്തു

ആ വ്യക്തിക്ക് ഗുരുവും പാഠപുസ്തകവും സർവ്വകലാശാലയുമാണ്. ക്രിസ്തുവിന്റെ നുകം മൃദുവും ചുമട് ലഘുവുമാണ്. യഥാർത്ഥത്തിൽ ക്രിസ്തുവിനു ശിഷ്യനാകുന്ന വ്യക്തി ജീവിതത്തിൽ പരാജയപ്പെടുകയില്ല.

ക്രിസ്തുവിന്റെ കർത്തൃത്വത്തിനു വിധേയപ്പെടുന്ന വ്യക്തിയുടെ ജീവിതപടകിന്റെ അമരക്കാരനായി ക്രിസ്തു മാറുകയാണ്. അതോടെ ശാന്തിയും സംതൃപ്തിയും സൗഭാഗ്യവും നിറഞ്ഞ അർത്ഥവത്തായ ഒരു ജീവിതമായി അതു തീരുന്നു. കാറും കോളും കൊടുങ്കാറ്റും നിറഞ്ഞ പ്രതികൂല സാഹചര്യങ്ങളിലും ആ പടക് മറിയുകയില്ല. തളരുകയില്ല, ദിശ തെറ്റുകയില്ല. നിർഭയത്വവും സുരക്ഷിതത്വവും സമാധാനവും വ്യക്തമായ ദിശാബോധവും അവിടെയുണ്ട്. ഓളങ്ങളെയും തിരമാലകളെയും തട്ടിമാറ്റി ആ പടക് ലക്ഷ്യസ്ഥാനത്ത്, ശാന്തതീരത്ത് ജയഭേരിമുഴക്കി ചെന്നടുക്കും. കാരണം അമരക്കാരൻ ക്രിസ്തുവാണ്. ക്രിസ്തുവിലൂടെ അനുഭവമാകുന്ന ആത്മരക്ഷ എത്ര മഹത്തായത്! അതിനാലാണ് ഇത്ര വലിയ രക്ഷ എന്ന് തിരുവചനം അതിനെ വിശേഷിപ്പിച്ചത്. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി ഒരു പുതിയ വ്യവസ്ഥിയിൽ ചേർക്കുവാൻ സ്ഥാപിച്ച വ്യവസ്ഥിതിയാണ് സഭ. സഭയിൽ ചേരേണ്ട യോഗ്യത – വീണ്ടും ജനനം അഥവാ രക്ഷിക്കപ്പെടുന്നതാണ്. രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. സഭ ദൈവത്തിന്റെ ജനമാണ്. ദൈവം സ്നേഹിക്കുന്ന, ശ്രദ്ധിക്കുന്ന, കരുതുന്ന, സൂക്ഷിക്കുന്ന തന്റെ സ്വന്തജനം.

## രക്തച്ചൊരിച്ചിലിന്റെ നാട്ടിൽ

### (ശ്രീലങ്കയിലെ ജനങ്ങൾക്കായും യേശുക്രിസ്തു രക്തം ചൊരിഞ്ഞിട്ടുണ്ട്)

ഇക്കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലെ സ്പോടനത്തിൽ ജീവഹാനി സംഭവിച്ചവർക്കും പരിക്കുകളേറ്റ ഏവർക്കുമായി അവരുടെ ദു:ഖത്തിൽ പങ്കുചേരുന്നു. 10 വർഷത്തിന് മുമ്പ് വരെ വടക്ക് ഭാഗത്തെ ശ്രീലങ്കയിലെ തമിഴ് ജനങ്ങളിൽ ലക്ഷക്കണക്കിനാളുകൾ സ്ഫോടന പരമ്പരകളിലൂടെ മരിച്ചു; ജീവിക്കുന്ന രക്തസാക്ഷികളായും തുടരുന്നു. ഇപ്പോൾ തെക്കു ഭാഗത്തുള്ള തമിഴ് ജനതയെയും സ്ഫോടനങ്ങൾ പിൻതു

ടരുന്നു. ഇപ്രാവശ്യത്തെ പ്രത്യേകത: ആക്രമത്തിന് തമിഴ് ക്രിസ്ത്യാനികളെയും ക്രിസ്തൃൻ ആരാധനാ മന്ദിരങ്ങളെയും തെരഞ്ഞെടുത്തു എന്നതാണ്.

തീവ്രവാദികളുടെ അടുത്ത ലക്ഷ്യം ബുദ്ധ മത വിഹാര കേന്ദ്രങ്ങളാണ്. അതിനായി സന്യാസിനികൾ ഉപയോഗിക്കുന്ന വെള്ള ഉടുപ്പുകൾ ധരിച്ചുള്ള പരിശീലനത്തിലാണ് അവർ. ഈ രഹസ്യ വിവരം കണ്ടുപിടിക്കപ്പെട്ടു. ഇസ്ലാമിക – ISIS– തീവ്രവാദികളെ നിയന്ത്രിക്കുന്നത് ആരൊക്കെ? ശ്രീലങ്കാ രാഷ്ട്രത്തിൽ ഭരണ പ്രതിപക്ഷ കക്ഷികളിൽ ഈ വിധ തീവ്രവാദ പ്രവർത്തകരെ സഹായിക്കുന്ന വ്യക്തികളുണ്ട് എന്നറിയാൻ കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ മൂന്ന് ആഴ്ചകളായി ക്രിസ്ത്യൻ ആരാധനാലയങ്ങളിലെ ആരാധനകൾ ഗവ: നിയോഗിച്ചിരിക്കുന്നു. ഇനി കൂടുതൽ ബോംബ് സ്ഫോടനങ്ങൾ ശ്രീലങ്കക്കയിൽ ഉണ്ടാകാതിരിക്കാൻ നമുക്ക് പ്രാർഥിക്കാം.

# MY BANK ACCOUNT DETAILS:

**A/c Name : Dr. M.G.E.PUSHPARAJ**

(**<u>Overseas Doners):</u>**

**1). Bank Name : <u>State Bank of India -</u> Srirangapalayam Branch-SALEM-1970**

**A/c No. 10764116842, Swift code: SBININBB637**

**<u>(India Doners):</u>**

**IFSC CODE : SBIN0001970- A/c No.10764116842**

2) **Bank Name: <u>CANARA BANK</u>, (Suramangalam Branch) - 1219**

(**<u>Overseas Doners):</u>**

**SWIFT CODE: CNRBINBBSLM - A/c No. 1219101013622**

(**<u>India Doners):</u>**

**IFSC CODE :CNRB0001219 - A/c No. 1219101013622,**

**MICR CODE: 636015005.**

# CSI TAMIL PARISH AL-AIN (UAE)

## കൺവെൻഷൻ







ഇവിടെ നടന്ന യോഗങ്ങൾ വളരെയധികം അനുഗ്രപ്രദങ്ങളായിരുന്നു. അത് ഈ ഇടവകയുടെ സഭാദിനം ആയിരുന്നു. അതുകൊണ്ട് ദുബായ്, അബുദാബി, ഷാർജ (UAE) എന്നിവടങ്ങളിലുള്ള അനേകം അച്ചൻമാരും സഭാവിശ്വാസികളും ഈ യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി. റവ. ക്രിസ്റ്റഫർ രാജേന്ദ്രൻ അവർകൾ ഈ യോഗങ്ങളുടെ ക്രമീകരണങ്ങൾ വളരെ ഭംഗിയായി നടത്തുകയുണ്ടായി.

# CSI TAMIL PARISH – ഷാർജ (UAE)




ഇവിടെ നടന്ന യോഗങ്ങളും വളരെയധികം അനുഗ്രഹപ്രദങ്ങളായിരുന്നു. ഷാർജ തമിഴ്സഭയാണ് എനിക്ക് ടിക്കറ്റ് ഏർപ്പാടാക്കി അയച്ചുതന്ന് എന്നെ ക്ഷണിച്ചത്. ഈ യോഗത്തിൽ നേരത്തെ എന്നെ പരിചയപ്പെട്ട സഭാവിശ്വാസികളും അച്ചനും യോഗത്തിൽ പങ്കെടുത്തു. അനേക വർഷങ്ങൾക്കു ശേഷം മാർത്തോമ സഭാ കുടുംബങ്ങളെയും സി.എസ്.ഐ. മലയാളം കുടുംബങ്ങളെയും കാണുവാൻ സാധിച്ചു.



ഈ യോഗത്തിൽ പങ്കെടുത്ത അച്ചൻമാർ റവ. വിക്ടർ പ്രേംകുമാർ (C.S.I, ദുബായ്) റവ. ക്രിസ്റ്റഫർ രാജേന്ദ്രൻ (C.S.I, AL-AIN), റവ. റോയ് (സൗത്ത് കേരള മലയാള കോൺഗ്രിഗേഷൻ, ഷാർജ), റവ. വർഗ്ഗീസ് മാത്യു (മധ്യകേരള C.S.I ഡയോസിസ്, ഷാർജ) റവ. ജോൺ റോളന്റ് (C.N.I ചർച്ച്) ഇവരോടൊപ്പം മറ്റ് ചില അച്ചൻമാരും യോഗത്തിൽ സംബന്ധിച്ചു. A.G സഭയിലെ വിശ്വാസികളും പാസ്റ്റർമാരും ഈ യോഗങ്ങളിൽ സംബന്ധിച്ചു. യോഗങ്ങൾ എല്ലാം വളരെ അനുഗ്രഹപ്രദമായിരുന്നു. ദൈവനാമത്തിന് മഹിമയുണ്ടാകട്ടെ.

# രക്തച്ചൊരിച്ചിലിന്റെ നാട്ടിൽ (ശ്രീലങ്കയിലെ ജനങ്ങൾക്കായും യേശുക്രിസ്തു രക്തം ചൊരിഞ്ഞിട്ടുണ്ട്)




ഇക്കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലെ സ്ഫോടനത്തിൽ ജീവഹാനി സംഭവിച്ചവർക്കും പരിക്കുകളേറ്റ ഏവർക്കുമായി അവരുടെ ദു:ഖത്തിൽ പങ്കുചേരുന്നു. 10 വർഷത്തിന് മുമ്പ് വരെ വടക്ക് ഭാഗത്തെ ശ്രീലങ്കയിലെ തമിഴ് ജനങ്ങളിൽ ലക്ഷക്കണക്കിനാളുകൾ സ്ഫോടന പരമ്പരകളിലൂടെ മരിച്ചു; ജീവിക്കുന്ന രക്തസാക്ഷികളായും തുടരുന്നു. ഇപ്പോൾ തെക്കു ഭാഗത്തുള്ള തമിഴ് ജനതയെയും സ്ഫോടനങ്ങൾ പിൻതുടരുന്നു. ഇപ്രാവശ്യത്തെ പ്രത്യേകത: ആക്രമത്തിന് തമിഴ് ക്രിസ്ത്യാനികളെയും ക്രിസ്ത്യൻ ആരാധനാമന്ദിരങ്ങളെയും തെരഞ്ഞെടുത്തു എന്നതാണ്.



തീവ്രവാദികളുടെ അടുത്ത ലക്ഷ്യം ബുദ്ധ മത വിഹാര കേന്ദ്രങ്ങളാണ്. അതിനായി സന്യാസിനികൾ ഉപയോഗിക്കുന്ന വെള്ള ഉടുപ്പുകൾ ധരിച്ചുള്ള പരിശീലനത്തിലാണ് അവർ. ഈ രഹസ്യ വിവരം കണ്ടുപിടിക്കപ്പെട്ടു. ഇസ്ലാമിക - ISIS- തീവ്രവാദികളെ നിയന്ത്രിക്കുന്നത് ആരൊക്കെ? ശ്രീലങ്കാ രാഷ്ട്രത്തിൽ ഭരണ പ്രതിപക്ഷ കക്ഷികളിൽ ഈ വിധ തീവ്രവാദ പ്രവർത്തകരെ സഹായിക്കുന്ന വ്യക്തികളുണ്ട് എന്നറിയാൻ കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ മൂന്ന് ആഴ്ചകളായി ക്രിസ്ത്യൻ ആരാധനാലയങ്ങളിലെ ആരാധനകൾ ഗവ: നിയോഗിച്ചിരിക്കുന്നു. ഇനി കൂടുതൽ ബോംബ് സ്ഫോടനങ്ങൾ ശ്രീലങ്കക്കയിൽ ഉണ്ടാകാതിരിക്കാൻ നമുക്ക് പ്രാർഥിക്കാം.

**ലോകം മുഴുവനുമുള്ള ശ്രീലങ്കൻ ജനത യുടെ ദു:ഖത്തിൽ ഞാനും ജാമക്കാരൻ കുടുംബാംഗങ്ങളും പങ്കുചേരുന്നു.ആശ്വാസ ത്തിനായി പ്രാർഥിക്കുന്നു.**

*യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു.* സങ്കീർത്തനം 127: 1,2

**MAY - 2019**

Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.